# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSATVM/GP9/1544/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 09/11/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്‌തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATVM/GP9/1544/2023 തീയ്യതി: 09/11/2023

## തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീജ കെ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 11-09-2023 | 19-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-09-2023 | 19-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധുലാബീവി എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. ജോസ് ഡബ്ല്യൂ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ശ്രീജിത് എസ്.കെ. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി പ്രീതാ ജാസ്മിൻ ഡി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജി. മണികണ്ഠൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. എം. ആനന്ദ് | സെക്രട്ടറി | 01-04-2022 | 03-11-2022 |
| ശ്രീ. ആർ.എസ്. അനിൽകുമാർ | സെക്രട്ടറി | 17-11-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. ജോയ് ജോൺ | മെഡിക്കൽ ഓഫീസർ, FHC | 01-04-2022 | 31-05-2022 |
| ഡോ. മഞ്ചു മോഹൻദാസ് | മെഡിക്കൽ ഓഫീസർ, FHC | 01-06-2022 | 31-03-2023 |
| ശ്രീമതി ഗംഗ | അസി. എഞ്ചിനീയർ | 01-04-2022 | 28-06-2022 |
| ശ്രീമതി കല്ല്യാണികുട്ടി പി. | അസി. എഞ്ചിനീയർ | 29-06-2022 | 06-09-2022 |
| ശ്രീമതി ഗംഗ | അസി. എഞ്ചിനീയർ | 12-09-2022 | 31-10-2022 |
| ശ്രീ. സതീഷ്കുമാർ | അസി. എഞ്ചിനീയർ | 01-11-2022 | 30-11-2022 |
| ശ്രീമതി ഗംഗ | അസി. എഞ്ചിനീയർ | 01-12-2022 | 31-03-2023 |
| ഡോ. ദീപ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീ. മഹേഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-സർക്കിൾ-1 | 01-04-2022 | 31-03-2023 |
| ശ്രീ. അജേഷ് സത്യൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-സർക്കിൾ-2 | 01-04-2022 | 31-03-2023 |
| ശ്രീമതി രാഖി സി.കെ. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സുലഭ എ.എൽ. | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ഡോ. അർച്ചന | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. പ്രവീൺ ജി.എസ്. | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2022 | 19-06-2023 |
| ഡോ. ബെൻഷാ പി ബഷീർ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 20-06-2022 | 31-03-2023 |
| ശ്രീമതി അമൃത | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഗിരിജാകുമാരി. | ഐ.സി.ഡി.എസ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ ,താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ളോപത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | വർഷാന്ത്യ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല. | 1-1-4 |
| 6 | എം.ജി.എൻ.ആർ.ഇ.ജി.എസ് വരവ്, ചെലവു വിവരങ്ങൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | സെക്കവേർഡ് ലോൺ ഇനത്തിലെ ബാധ്യത തുകയും പ്രീ പെയ്ഡ് എക്സ്പെൻസ് തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | വാർഷിക കണക്കുകൾ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ - വാർഷിക കണക്കുകളും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | പഞ്ചായത്ത് ഇഷ്യൂ ചെയ്തതിൽ പണം മാറിയെടുക്കാൻ അവശേഷിക്കുന്ന തുക സ്റ്റെയ്ൽ ചെക്കുകൾ വരവായി മുതൽക്കൂട്ടിയിട്ടില്ല. | 1-1-9 |
| 11 | പാർട്ട് ബില്ലുകളുടെ മൂല്യം - തുകയിലെ വ്യത്യാസം പൊരുത്തപ്പെടുത്തിയിട്ടില്ല. | 1-1-10 |
| 12 | അക്യുമലേറ്റഡ് ഡിപ്രീസിയേഷന്റെ മൂല്യം ആസ്തിയുടെ മൂല്യത്തെക്കാൾ അധികം രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-11 |
| 13 | വിവിധ വകുപ്പുകൾക്കും ഏജൻസികൾക്കും കൈമാറിയിട്ടുള്ള മുൻകൂർ തുകകൾ- വിശദാംശങ്ങൾ ലഭ്യമല്ല. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | ബജറ്റ് - നിരീക്ഷണങ്ങൾ | 1-2-1 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | ഗ്രാന്റ് വിനിയോഗം- അപാകതകൾ | 1-4-1 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | ക്യാഷ് ബാലൻസ്- പരിശോധന | 1-6 |
| 21 | സാമൂഹ്യ സുരക്ഷ പെൻഷൻ പദ്ധതികൾ | 1-7 |

| | | |
|---|---|---|
| 22 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 23 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | വളർത്തുനായകൾക്ക് ലൈസൻസ് - തനതുവരുമാന വർദ്ധന സാധ്യത പരിഗണിച്ചില്ല. | 1-11 |
| 26 | കടമുറിവാടക ഈടാക്കിയിട്ടില്ല -നഷ്ടം 4800/-രൂപ | 1-12 |
| 27 | റേഷൻകടകടിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-13 |
| 28 | സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കുന്നില്ല | 1-14 |
| 29 | മാർക്കറ്റ് ഗേറ്റ് പിരിവ് 68333രൂപ ഈടാക്കനവശേഷിക്കുന്നു | 1-15 |
| 30 | അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ് | 1-16 |
| 31 | ലൈഫ് പദ്ധതി - കരാർ വ്യവസ്ഥകളിൽ അവ്യക്തത | 1-17 |
| 32 | ഗ്രാമസഭ -നിയമാനുസൃതം കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-18 |
| 33 | യുവജനക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വാങ്ങൽ -പദ്ധതിലക്ഷ്യം കൈവരിച്ചില്ല | 1-19 |
| 34 | ആസ്തി സംരക്ഷണ പദ്ധതി- തയ്യാറാക്കേണ്ടതാണ്. | 1-20 |
| 35 | ഗുണഭോക്തൃസമിതി പ്രോജക്ട് നിർവ്വഹണം-അപാകതകൾ | 1-21 |
| 36 | സ്റ്റോക്ക് രജിസ്റ്റർ പരിപാലനം-തൃപ്തികരമല്ല | 1-22 |
| 37 | സ്ഥലം വാങ്ങൽ പദ്ധതി-സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല. | 1-23 |
| 38 | ടെണ്ടർ ഫോറം വില നാളിതുവരെ ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-24 |
| 39 | ഗുണഭോക്തൃവിഹിതം ഈടാക്കിയ പ്രോജക്ട് നടപ്പിലാക്കിയില്ല | 1-25 |
| 40 | ജലജീവൻ പദ്ധതി-റെസ്റ്റോറേഷൻ തുക ജലഅതോറിറ്റിയിൽ നിന്നും ഈടാക്കേണ്ടതാണ്. | 1-26 |
| 41 | വെറ്റിനറി ഡിസ്പെൻസറി-ക്യാഷ് ബുക്ക് പരിപാലനം - അപാകത | 1-27 |
| 42 | പാഥേയം പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 1-28 |
| 43 | കൈപ്പറ്റ് രസീത് ലഭ്യമാക്കിയില്ല - 50000/- രൂപ തടസ്സം ചെയ്യുന്നു | 1-29 |
| 44 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - 229163/- രൂപയുടെ മരുന്ന് ലഭ്യമായില്ല. | 1-30 |
| 45 | അതിദരിദ്രർക്ക് മരുന്ന് വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല - 62088/- തടസ്സപ്പെടുത്തുന്നു. | 1-31 |
| 46 | മരുന്ന് ലഭ്യമാകുന്നതിൽ കാലതാമസം-ലഭ്യമായ മരുന്നിന്റെ കൃത്യമായ വിവരങ്ങളില്ല -201959 രൂപ തടസ്സപ്പെടുത്തുന്നു. | 1-32 |

| | | |
|---|---|---|
| 47 | മരുന്ന്, പേപ്പർ വാങ്ങിയതിൽ വീഴ്ച - 40960/- രൂപ തടസ്സപ്പെടുത്തുന്നു. | 1-33 |
| 48 | ലൈഫ് ഭവനപദ്ധതി -പദ്ധതി പൂർത്തീകരിച്ചില്ല | 1-34 |
| 49 | കന്നുകുട്ടി പരിപാലനം- അധിക തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നില്ല- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-35 |
| 50 | ടാക്സ് ഓഡിറ്റ് അവലോനം | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ് സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 21.07.23 ലെ 2(1)-ാം നം. ജനറൽ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുറ്റിച്ചൽ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുറ്റിച്ചൽ ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക അനുപാതങ്ങൾ ,താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ് ) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 13/2022-23 തീയതി 14.09.2023 )ക്ക് തുടർ വർഷങ്ങളിൽ വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

### 1-1-2 ക്യാഷ് ഫ്ളോപത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6212344/- രൂപയാണ്. എന്നാൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -8738185/- രൂപയാണ്. മേൽ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 13/2022-23 തീയതി 14.09.2023) ക്ക് തുടർ വർഷങ്ങളിൽ ഈ അപാകത ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-1-3 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2023 ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/2022-23 തീയതി 14.09.2023 ക്ക് നിലവിൽ ജീവനക്കാരുടെ ശമ്പളം മാത്രമാണ് ബി 9 ഷെഡ്യൂളിൽ രേഖപ്പെടുത്തി വരുന്നതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുണ്ട്.

## 1-1-4 വർഷാന്ത്യ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല.

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളും സ്റ്റോറുകളും മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 13/2022-23 തീയതി 14.09.2023 )ക്ക് സ്റ്റോക്കുകൾ മൂല്യനിർണയം നടത്തുന്നതുമായി ബന്ധപ്പെട്ട് പ്രത്യേകം മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമല്ലാത്തതിനാലാണ് ഇപ്രകാരം ചെയ്യാത്തതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

## 1-1-5 എം.ജി.എൻ.ആർ.ഇ.ജി.എസ് വരവ്, ചെലവ് വിവരങ്ങൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

എം.ജി.എൻ.ആർ.ഇ.ജി.എസ് വരവ്, ചെലവ് വിശദാംശങ്ങൾ വാർഷിക കണക്കുകളും ക്യാഷ് ബുക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ക്യാഷ്ബുക്ക് പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസ് അഡ്മിൻ ഇനത്തിലെ വരവ് 1512604/- രൂപയും ചെലവ് 1499311.61 രൂപയും ആണ് എന്നാൽ വാർഷിക കണക്കുകൾ പ്രകാരം ഇത് യഥാക്രമം 1512604/- രൂപയും 1451108/- രൂപയും ആണ്. മേൽ പ്രകാരമുള്ള വ്യത്യാസം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 13/2022-23 തീയതി 14.09.2023 )ക്കുള്ള മറുപടിയിൽ വ്യത്യാസം ഉണ്ടായതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.വരവ്, ചെലവ് വിവരങ്ങളിലെ വ്യത്യാസത്തിന് കാരണം കണ്ടെത്തി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-1-6 സെക്യൂവേർഡ് ലോൺ ഇനത്തിലെ ബാധ്യത തുകയും പ്രീ പെയ്ഡ് എക്സ്പെൻസ് തുകയും പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് B5 ഷെഡ്യൂൾ പ്രകാരം സെക്യൂവേർഡ് ലോൺ ഇനത്തിലെ ബാധ്യത രൂ.28626118/- എന്നാൽ B16 ഷെഡ്യൂൾ പ്രകാരം പ്രീ പെയ്ഡ് എക്സ്പെൻസിനത്തിലെ തുക 28266118/- രൂപയാണ്. വ്യത്യാസത്തിൻമേൽ വ്യക്തത ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 21/2022-23 തീയതി 16.09.2023) ക്ക് മറുപടിയായി വ്യത്യാസം വന്ന തുക ഗുണഭോക്താക്കൾക്ക് നൽകാനുള്ള തുകയാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-1-7 വാർഷിക കണക്കുകൾ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകൾ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വസ്തുനികുതി | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| റസിഡൻഷ്യൽ (കറന്റ്) | 1312305 | 1105677 | 216959 |
| നോൺ റസിഡൻഷ്യൽ (കറന്റ്) | 1510701 | 1115483 | 414979 |
| റസിഡൻഷ്യൽ (അരിയർ) | 285974 | 245470 | 174096 |
| നോൺ റസിഡൻഷ്യൽ (അരിയർ) | 501742 | 190690 | 157113 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 13/2022-23 തീയതി 14.09.2023)ക്ക് ലഭ്യമാക്കിയ മറുപടിയിൽ മേൽ പ്രകാരമുള്ള വ്യത്യാസം ഉണ്ടായതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

## 1-1-8 വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ - വാർഷിക കണക്കുകളും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളിലും സഞ്ചയയിലും വ്യത്യസ്ഥമായി നിലനിൽക്കുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വസ്തുനികുതി | സഞ്ചയ പ്രകാരം | | | വാർഷിക കണക്കുകൾ പ്രകാരം | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| റസിഡൻഷ്യൽ (കറന്റ്) + നോൺ റസിഡൻഷ്യൽ (കറന്റ്) | 2966297 | 2362123 | 595328 | 2823006 | 2221160 | 631938 |
| റസിഡൻഷ്യൽ (അരിയർ) + നോൺ റസിഡൻഷ്യൽ (അരിയർ) | 794590 | 460807 | 333783 | 787716 | 436160 | 331209 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 13/2022-23 തീയതി 14.09.2023 )ക്ക് ഇ-പേയ്മെന്റ് വഴി വരുന്ന വസ്തു നികുതി തുകകൾ സഞ്ചയയിൽ ഉടനെ കളക്ഷൻ വരുന്നുവെന്നും എന്നാൽ ബാങ്കിൽ ഒരു മാസത്തോളം കാലതാമസമെടുത്തു മാത്രമെ ക്രെഡിറ്റ് ആകുന്നുള്ളുവെന്നും ആയതിനാലാണ് വാർഷിക കണക്കുകളും സഞ്ചയയും തമ്മിൽ വ്യത്യാസമുണ്ടാകുന്നതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-1-9 പഞ്ചായത്ത് ഇഷ്യൂ ചെയ്തതിൽ പണം മാറിയെടുക്കാൻ അവശേഷിക്കുന്ന തുക സ്റ്റെയ്ൽ ചെക്കുകൾ വരവായി മുതൽക്കൂട്ടിയിട്ടില്ല.

ബാലൻസ് ഷീറ്റ് B9 ഷെഡ്യൂൾ പ്രകാരം പഞ്ചായത്ത് ഇഷ്യൂ ചെയ്തതിൽ പണം മാറിയെടുക്കാൻ അവശേഷിക്കുന്ന ചെക്കുകളുടെ(stale Cheques) മൂല്ല്യം 37602/- രൂപ ആണ്. ഇവയിൽ 3 വർഷം കാലയളവ് പൂർത്തിയായവ വരവായി മുതൽക്കൂട്ടാൻ സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 21/2022-23 തീയതി 16.09.2023) ക്ക് മറുപടിയായി സ്റ്റെയ്ൽ ചെക്കുകൾ 2023-24 വർഷം വരവായി മുതൽക്കൂട്ടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-1-10 പാർട്ട് ബില്ലുകളുടെ മൂല്ല്യം - തുകയിലെ വ്യത്യാസം പൊരുത്തപ്പെടുത്തിയിട്ടില്ല.

ബാലൻസ് ഷീറ്റ് B11(b) ഷെഡ്യൂൾ (Head Code 412010101) പ്രകാരം പൂർത്തിയാക്കാത്ത മരാമത്ത് പ്രവർത്തികളുടെ മൂല്ല്യം രൂ.614490/- ആണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചീനിയർ ലഭ്യമാക്കിയ പത്രിക പ്രകാരം (നാളിതുവരെയുള്ള പാർട്ട് ബില്ലുകളുടെ വിവരം) പാർട്ട് ബിൽ തുക 876576/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നു. ഇക്കാര്യത്തിൽ വ്യക്തത ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 21/2022-23 തീയതി 16.09.2023) ക്ക് ലഭ്യമാക്കിയ മറുപടിയിൽ വ്യത്യാസത്തിൻമേലുള്ള വിശദീകരണം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-11 അക്യുമലേറ്റഡ് ഡിപ്രീസിയേഷന്റെ മൂല്ല്യം ആസ്തിയുടെ മൂല്യത്തെക്കാൾ അധികം രേഖപ്പെടുത്തിയിരിക്കുന്നു.

ബാലൻസ് ഷീറ്റ് B11 ഷെഡ്യൂൾ (Head Code 410800101) മറ്റു സ്ഥിരം അസ്തിയെന്നയിനത്തിന്റെ മൂല്ല്യം രൂ.50829/- ആണ്.എന്നാൽ B11(a) ഷെഡ്യൂളിൽ ഈ ഇനത്തിന് (Head Code 416100110) 873962/- രൂപ അക്യുമലേറ്റഡ് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു. ഡിപ്രീസിയേഷന്റെ മൂല്ല്യം ആസ്തിയുടെ മൂല്ല്യത്തെ അധികരിച്ചതിൻമേൽ വ്യക്തത ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 21/2022-23 തീയതി 16.09.2023) ക്ക് ഈ അപാകത തുടർ വർഷങ്ങളിൽ ഡിപ്രീസിയേഷൻ പത്രിക തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി അറിയിച്ചിട്ടുണ്ട്.

## 1-1-12 വിവിധ വകുപ്പുകൾക്കും ഏജൻസികൾക്കും കൈമാറിയിട്ടുള്ള മുൻകൂർ തുകകൾ- വിശദാംശങ്ങൾ ലഭ്യമല്ല.

ബാലൻസ് ഷീറ്റ് B18 ഷെഡ്യൂൾ Head Code 460500204 പ്രകാരം ഭൂഗർഭ ജല വകപ്പിന് 390473/- രൂപയും Head Code 460500205പ്രകാരം പൊതു മരാമത്ത് വകപ്പിന് 1003000/-രൂപയും Head Code 460500499,460500501 എന്നിവ പ്രകാരം യഥാക്രമം രൂ.349980/-,രൂ.150000/- Advance To Other Accredited Agencies, Advance To Implementing

Officers എന്നീയിനങ്ങളിലും വിവിധ ആവശ്യങ്ങൾക്കായി വിവിധ വകുപ്പുകൾക്കും ഏജൻസികൾക്കും മുൻകൂർ കൈമാറിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 21/2022-23 തീയതി 16.09.2023) ക്ക് ലഭ്യമാക്കിയ മറുപടിയിൽ ടി തുകകൾ മുൻ വർഷങ്ങളിൽ പ്രാരംഭബാക്കിയായി നിൽക്കുന്ന തുകയാണെന്ന് മാത്രമേ പരാമർശിച്ചിട്ടുള്ളൂ. തൻവർഷം നിക്ഷേപ പ്രവൃത്തിക്ക് തുകയൊന്നും ചെലവഴിച്ചിട്ടില്ല. മുൻകൂറായി നൽകിയ തുകയുടെ കൈപ്പറ്റടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള മേൽ തുകകൾ സംബന്ധിച്ച വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഭരണസമിതിയുടെ 25.03.22 ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1445818 |
| റവന്യൂ വരവ് | 203046000 |
| മൂലധന വരവ് | 14503000 |
| ആകെ വരവ് | 217549000 |
| ആകെ | 218994818 |
| റവന്യൂ ചെലവ് | 211360000 |
| മൂലധന ചെലവ് | 6000000 |
| ആകെ ചെലവ് | 217360000 |
| നീക്കിയിരിപ്പ് | 1634818 |

തുടർന്ന് സർക്കാർ/ ഇതര ഗ്രാന്റുകളുടേയും വരവിലുണ്ടായ വ്യത്യാസങ്ങൾ കാരണവും വാർഷികപദ്ധതിയിലുണ്ടായ ഭേദഗതികളുടെ ഭാഗമായും വരവ് ചെലവ് കണക്കുകളിൽ വന്ന മാറ്റത്തിനനുസൃതമായി ബജറ്റ് പുതുക്കി തയ്യാറാക്കുകയുണ്ടായി. പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 28.02.2023 ലെ 3(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള ബഡ്ജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരുപ്പ് | 333580 |
| വരവ് | 250698400 |
| ആകെ | 251031980 |
| ചെലവ് | 249315000 |
| നീക്കിയിരുപ്പ് | 1716980 |

### 1-2-1 ബജറ്റ് - നിരീക്ഷണങ്ങൾ

1. ബജറ്റ് രൂപീകരണം

എ) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ, ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖണ്ഡിക 3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ (Annexure 6)

3. പെർഫോമൻസ് ബജറ്റ് (Annexure 10)

4. ജെൻഡർ ബജറ്റ് (Annexure 11)

5. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

എന്നാൽ മേൽപ്പറഞ്ഞവ ബജറ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം

വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

സി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സിലും ജനറൽ കമ്മറ്റി മിനിട്ട്സിലും രേഖപ്പെടുത്തിയിട്ടില്ല.

ഡി) ബജറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ്, ചാർജ്) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക രൂപത്തിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥരൊന്നും തന്നെ യഥാവിധിപ്രകാരമുള്ളതും പൂർണ്ണവുമായ ആവശ്യകതാ പട്ടിക സമർപ്പിച്ചിരുന്നതായുള്ള വിവരം ലഭ്യമല്ല.

2. <u>ബജറ്റ് വകയിരുത്തൽ-ചെലവ്</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72,73,74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയോ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ഉചിതമായ ബജറ്റ് തുക വകയിരുത്തിയിട്ടില്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല. എന്നാൽ, 2022-23 സാമ്പത്തിക വർഷത്തെ റിവൈസ്ഡ് ബജറ്റിൽ തുക വകയിരുത്തിയ ചിലയിനങ്ങളിൽ ചെലവുണ്ടായിട്ടില്ല. ചില ഇനങ്ങൾക്ക് വകയിരുത്തിയതിലും കൂടുതൽ തുക ചെലവഴിച്ചപ്പോൾ ചില വരവിനങ്ങളിൽ നിന്നും പ്രതീക്ഷിച്ച വരവ് ലഭിച്ചതായും കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) ബജറ്റിൽ തുക വകയിരുത്തിയിരുന്നിട്ടും ചെലവുണ്ടാകാത്തവയുടെ ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു,

| ക്രമ നം | ഹെഡ് ഓഫ് അക്കൌണ്ട് | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്.പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2305001 | Repair & Maintanance-Buildings | 50000 | - |
| 2 | 2305002 | Repair & Maintanance-Roads | 50000 | - |

2)ബജറ്റിൽ വകയിരുത്തിയതിലും കൂടുതൽ തുക ചെലവഴിച്ചതിനുള്ള ഉദാഹരണം ചുവടെ ചേർക്കുന്നു,

| ക്രമ നം | ഹെഡ് | ഇനം | ബജറ്റിൽ വകയിരുത്തിയ തുക | എ.എഫ്.എസ്.പ്രകാരമുള്ള ചെലവ് |
|---|---|---|---|---|
| 1 | 2516005 | General Economic Services- Plan | 300000 | 561096 |

| | | | | |
|---|---|---|---|---|
| | | Formulation | | |
| 2 | 2522001 | Decentralized Plan-Infrastructure-roads | 5000000 | 17422371 |

3)വരവിനങ്ങളിൽ നിന്നും ലഭിക്കാനിടയുള്ള തുകകൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ വളരെ കൂടുതൽ ആയി ബജറ്റിൽ ഉൾപ്പെടുത്തിയിരുന്നതിന് ഉദാഹരണം ചുവടെ ചേർക്കുന്നു,

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 1300000 | Rental Income From Panchayat Properties | 100000 | 53500 |
| 2 | 1500000 | Sale And Hire Charges | 250000 | 85574 |
| 3 | 1700000 | Income From Investments | 35000 | 0 |

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 06/13.09.23) ബജറ്റിലെ വിവിധ ഹെഡുകളിൽ ചെലവഴിക്കുന്നതിന് തുക വകയിരുത്തിയെങ്കിലും 2022-23 സാമ്പത്തിക വർഷം പരിമിതമായ തുകയാണ് സർക്കാരിൽ നിന്നും ലഭ്യമായതെന്നും ആയതിനാൽ അടിയന്തിര പ്രാധാന്യം അർഹിക്കുന്ന മേഖലകൾക്കാണ് തുക ചെലവഴിച്ചതെന്നും തുടർ വർഷങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമാകുന്ന ധനസ്രോതസിന്റെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പ്രതീക്ഷിച്ച വരവ് ലഭ്യമാകാത്ത വിഷയത്തിൽ ബജറ്റിലെ 1300000,1500000,1700000 എന്നീ ഹെഡുകളായ വാടക,വിൽപ്പന,വരവ് ഇനങ്ങളിൽ വർദ്ധനവ് ഉണ്ടാകുമെന്ന പ്രതീക്ഷയിലാണ് തുകകൾ വർദ്ധിപ്പിച്ച് നൽകിയതെന്നും തുടർ വർഷങ്ങളിൽ അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 11818097 |
| ഓഡിറ്റ് വർഷത്തെ വരവ് | 39439515 |
| ആകെ | 51257612 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 33227171 |
| നീക്കിയിരിപ്പ് | 18030441 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ് വിശദാംശം ചുവടെ.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 20974853 | 20974853 | 19838397 | 1136456 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3778119 | 3778119 | 3736193 | 41926 |
| വികസനഫണ്ട് ടി.എസ്.പി | 0 | 1340347 | 1340347 | 3377632 | -2037285 |

| | | | | | |
|---|---|---|---|---|---|
| സി.എഫ്.സി. ടൈഡ് | 0 | 8134685 | 8134685 | 1634080 | 6500605 |
| സി.എഫ്.സി. അൺടൈഡ് | 0 | 3739878 | 3739878 | 3808350 | -68472 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 21289000 | 21289000 | 17422371 | 3866629 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 5134000 | 5134000 | 4763833 | 370167 |
| CSS | 0 | 0 | 0 | 1700144 | -1700144 |
| SSS | 0 | 0 | 0 | 6480000 | -6480000 |

## 1-4-1 ഗ്രാന്റ് വിനിയോഗം- അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവു പത്രിക, എ.സി.ആർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട പൊരുത്തക്കേടുകൾ ചുവടെ ചേർക്കുന്നു.

1)വികസനഫണ്ട് അലോട്ട്മെന്റിൽ (ടി.എസ്.പി) നിന്നും ലൈഫ് വായ്പ തിരിച്ചടവിനത്തിൽ പ്രോജക്റ്റ് നം.231/22-23 പ്രകാരം 1022827/- രൂപയും പ്രോജക്റ്റ് നം.246/22-23 പ്രകാരം 1022826/- രൂപയും ചേർത്ത് 2045653/-രൂപ സ്രോതസ്സിൽ നിന്നും കുറവ് ചെയ്താണ് സർക്കാർ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം സ്രോതസ്സിൽ നിന്നും കുറവുചെയ്യുന്നതുക ഗ്രാമപഞ്ചായത്ത് പദ്ധതി വരവായും, ചെലവായും ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ തുകക്ക് വരവ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വികസനഫണ്ട്(ടി.എസ്.പി) യുടെ കാര്യത്തിൽ ചെലവു തുകകൾ വരവിലുമധികമായി രേഖപ്പെടുത്തിയിരിക്കുന്നു.

2) കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ മുന്നിരുപ്പ്, വരവ്, ചെലവ് വിശദാംശങ്ങൾ ഫണ്ട് ഇനം തിരിച്ച് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കൊന്നും തന്നെ ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല.

4) ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് ( മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 8503797 | 4883869 | 57 |
| | പട്ടിക വർഗ്ഗം | 240000 | 0 | 0 |
| സേവനം | പൊതുവിഭാഗം | 54540535 | 24297359 | 45 |
| | പട്ടിക ജാതി | 10039513 | 4356193 | 43 |
| | പട്ടിക വർഗ്ഗം | 56215143 | 10266392 | 18 |
| പശ്ചാത്തലം | പൊതുവിഭാഗം | 31834637 | 21641981 | 68 |

| | | | | |
|---|---|---|---|---|
| | പട്ടിക വർഗ്ഗം | 817510 | 0 | 0 |

സർക്കാർ ഉത്തരവ് (കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.22, ഖണ്ഡിക 6.1(1),6.2(1) എന്നിവ പ്രകാരം പട്ടികജാതി , പട്ടികവർഗ്ഗ ഉപപദ്ധതിവിഹിതം പാഴാക്കാനോ, വകമാറ്റി ചെലവഴിക്കാനോ പാടില്ല എന്നിരിക്കെ ഉൽപാദന മേഖലയിലും പശ്ചാത്തല മേഖലയിലും പട്ടികവർഗ്ഗ വിഭാഗത്തിന് അനുവദനീയമായിരുന്ന യഥാക്രമം 240000/-, 817510/- രൂപകളിൽ തുകയൊന്നും തന്നെ ചെലവിട്ടിട്ടില്ല. അതുപോലെ സേവന മേഖലയിൽ പട്ടികവർഗ്ഗ വിഭാഗത്തിന് നീക്കിവച്ചിരുന്ന തുകയിൽ 18% മാത്രമേ ചെലവഴിച്ചിട്ടുള്ളൂവെന്നത് പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങളിൽ നിന്നുള്ള വ്യതിചലമാണ്, ഗ്രാന്റ് വിനിയോഗത്തിൽ നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിനും, പദ്ധതി തുകയുടെ വിനിയോഗം കാര്യക്ഷമമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

5) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്-ചെലവ് തുകകൾ എ.സി.ആർ, സുലേഖ പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | വരവ് (രൂ) | | | ചെലവ് (രൂ) | | |
|---|---|---|---|---|---|---|
| | ഗ്രാന്റ് പത്രിക | എ.സി.ആർ | സുലേഖ | ഗ്രാന്റ് | എ.സി.ആർ | സുലേഖ |
| വികസനഫണ്ട് (ജനറൽ) | 20974853 | 20974853 | 25484301 | 19838397 | 17164375 | 19838397 |
| വികസനഫണ്ട് (എസ്.സി.പി) | 3778119 | 3778119 | 4076441 | 3736193 | 3537312 | 3736193 |
| വികസനഫണ്ട് (ടി.സി.പി) | 1340347 | 1340347 | 4408826 | 3377632 | 1331979 | 3377632 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ്(ടൈഡ്) | 8134685 | 8134685 | 13384016 (Tied+untied) | 1634080 | 1638080 | 5442430 (Tied+untied) |
| കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ്(അൺ ടൈഡ്) | 3739878 | 3739878 | 13384016 (Tied+untied) | 3808350 | 3808350 | 5442430 (Tied+untied) |
| മെയിന്റനൻസ് റോഡ് | 21289000 | 21289000 | 25715410 | 17422371 | 17422371 | 17422371 |
| മെയിന്റനൻസ് റോഡിതരം | 5134000 | 5134000 | 5968616 | 4763833 | 4763833 | 4763833 |
| കേന്ദ്രാവിഷ്ക്രിത പദ്ധതി | 0 | | 3054400 | 1700144 (നീക്കിയിരുപ്പ് 1700144 ആയി കാണിച്ചിരിക്കുന്നു) | | 1700144 |
| സംസ്ഥാനാവിഷ്ക്രിത പദ്ധതി | 0 | | 55200000 | 6480000 | | 6480000 |

മേൽ പരാമർശിച്ച വ്യത്യാസങ്ങൾക്കുള്ള കാരണം മതിയായ രേഖകളുടെ പിൻബലത്തോടെ വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 8/2022-23 21തീയതി 13.09.2023) മറുപടിയായി ബജറ്റ് വിഹിതത്തിൽ നിന്നും അങ്കണവാടി ജീവനക്കാരുടെ പ്രതിഫലതുക , ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് എന്നിവ കിഴിച്ച് ബാക്കി തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും എ.സി.ആറിലും ഉൾപ്പെടുത്തിയിട്ടുള്ളതെന്നും . സുലേഖ സോഫ്റ്റ് വെയറിൽ ബജറ്റ് വിഹിതവും സ്പിൽഓവർ തുകയും ചേർത്താണ് തുക വകയിരുത്തിയിട്ടുള്ളതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ മറുപടി പ്രകാരമുള്ള കിഴിവുകൾ കണക്കിലെടുത്തശേഷവും ഗ്രാന്റ് കണക്കുകളിൽ വ്യത്യാസം നിലനിൽക്കുന്നുണ്ട്. അപാകം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം


ഫണ്ട് വിനിയോഗം

എ) 2022-23 സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സ് ആയ തുക എന്നിവ


| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 24496000 | 19838397 | 4657603 |
| വികസനഫണ്ട് എസ്.സി.പി | 3977000 | 3736193 | 240807 |
| വികസനഫണ്ട് ടി. എസ്. പി | 3386000 | 3377632 | 8368 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 5134000 | 4763833 | 370167 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 21289000 | 17422371 | 3866629 |
| ആകെ | 58282000 | 49138426 | 9143574 |

ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.

(1)




(2)




ബി) 2022-23 സാമ്പത്തികവർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗ്ര.വി. ഉൾപ്പെടെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ഐ സി ഡി എസ് സൂപ്പർവൈസർഓഫീസർ | 15 | 14 | 1 | 5126000 | 4575573 | 89.26% |
| പഞ്ചായത്ത് സെക്രട്ടറി | 43 | 35 | 8 | 19461541 | 13456868 | 69.15% |
| മെഡിക്കൽ ഓഫീസർ പബ്ളിക്ക് ഹെൽത്ത് സെന്റർ | 9 | 7 | 2 | 2598019 | 2039609 | 78.51% |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 4 | 4 | 0 | 1165000 | 1165000 | 100%1 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ ഹോസ്പിറ്റൽ | 2 | 2 | 0 | 310000 | 310000 | 100% |
| കൃഷി ഓഫീസർ | 14 | 13 | 1 | 1321875 | 1081352 | 81.8% |
| ഡെയറി ഫാം ഇൻ സ്ട്രക്ടർ | 2 | 2 | 0 | 1450000 | 1050000 | 72.4% |
| വെറ്റിനറി സർജൻ | 11 | 10 | 1 | 3100788 | 2644983 | 85.3% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 31 | 23 | 8 | 87108633 | 15713307 | 18.5% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 70 | 45 | 25 | 36809789 | 20899326 | 56.78% |
| ഹെഡ്മാസ്റ്റർ ഗവ: യു പി എസ് | 10 | 9 | 1 | 3683490 | 2469776 | 67.05% |
| ഫിഷറീസ് ഇൻസ്പെക്ടർ | 1 | 1 | 0 | 56000 | 40000 | 71.42 |

സി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 25484301 | 19838397 | 77.8% |
| എസ്.സി.പി. | 4076441 | 3736193 | 91.6% |
| ടി.എസ്.പി. | 4408826 | 3377632 | 76.6% |
| ധനകാര്യകമ്മിഷൻ അവാർഡ് | 13384016 | 5442430 | 40.6% |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 3054400 | 1700144 | 55.56% |
| സംസ്ഥാനാവിഷ്കൃത ഫണ്ട്. | 55200000 | 6480000 | 11.7% |
| തനത് ഫണ്ട്. | 53534 | 52534 | 98.1% |
| മറ്റ് ജില്ലാപഞ്ചായത്ത് | 14229322 | 397250 | 2.7% |
| മറ്റ് ബ്ളോക്ക് പഞ്ചായത്ത് | 10163250 | 2235010 | 21.9% |
| മെയിന്റനൻസ് റോഡ് | 25715410 | 17422371 | 67.75% |
| മെയിന്റനൻസ് നോൺ റോഡ് | 5968616 | 4763833 | 79.8% |
| മറ്റുള്ളവ | 62191927 | 1523695 | 2.4% |

| ആകെ | നടപ്പിലാ | നടപ്പിലാ | ആകെ പദ്ധതി | ആകെ പദ്ധതി | ചെലവ് |
|---|---|---|---|---|---|

| ഏറ്റെടുത്ത പദ്ധതികൾ | ക്കിയവ | ക്കാത്തവ | അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ചെലവ് | ശതമാനം |
|---|---|---|---|---|---|
| 212 | 165 | 47 | 162191135 | 65445794 | 40.35 |

ബഡ്ജറ്റ് പ്രകാരം അനുവദിക്കുന്ന വിവിധ ഫണ്ടുകൾ സർക്കാർ നിർദ്ദേശാനുസരണം ദീർഘവീക്ഷണത്തോടെ ലാപ്സാകാതെ ചെലവ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആസൂത്രണ സമിതി.

1. പതിന്നാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022/തസ്വഭവ തീയതി 19.04.2022, 3.1.1 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും നവംബർ 1ന് മുമ്പ് നിലവിലുള്ള ആസൂത്രണ സമിതികൾ ആവശ്യമെങ്കിൽ പുനസംഘടിപ്പിക്കേണ്ടതാണ്. അപ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ആഡിറ്റ് എൻക്വയറി (1/23, 11/09/23) ക്ക് മറുപടി നൽകിയിട്ടുണ്ട്.11/01/2022 ലെ 4(3) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം ആസൂത്രണസമിതി പുനസംഘടിപ്പിച്ചിട്ടുണ്ട്.

2. പുനസംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം മാർഗ്ഗരേഖയുടെ അനുബന്ധമായി ചേർത്തിട്ടുള്ള ഫോറം 1ൽ രേഖപ്പെടുത്തേണ്ടതും അത് തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടക സ്ഥാപനങ്ങളുടേയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. ഇത്തരത്തിൽ വിവരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ആഡിറ്റ് എൻക്വയറി (2/23, 11/09/23) പ്രകാരം വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയില്ലായെന്ന് മറുപടി നൽകി.

3. മാർഗ്ഗ രേഖയുടെ 3.1.1 എ 7 പ്രകാരം ആസൂത്രണ സമിതി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കണമെന്നും പദ്ധതി ആസൂത്രണപ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ആവശ്യാനുസരണവും അതിനു ശേഷം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ആസൂത്രണസമിതി യോഗം ചേരണമെന്നും നിഷ്കർച്ചിട്ടുണ്ട്. കൂടാതെ മാർഗ്ഗരേഖയുടെ 3.1.1 ബി 1 മുതൽ 17വരെ പ്രതിപാദിക്കുന്ന ആസൂത്രണസമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് ആസൂത്രണസമിതിയുടെ മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആസൂത്രണസമിതി യോഗം 2022-23 കാലയളവിൽ 2 തവണ കൂടിയിട്ടുണ്ടെന്നുള്ള വിവരം ആഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറിയിച്ചു,

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

സ.ഉ(കൈ) നം. 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 3.1.2 ബി പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, പദ്ധതി രൂപീകരണ പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്.

ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന വാർഡ് സഭാ യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. ഖണ്ഡിക 3.1.2(ബി)13 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും പാലിച്ചതായി വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ

2022-23 വാർഷിക പദ്ധതി രൂപീകരണത്തിന് 11/01/2022 ലെ 4(1) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം15/01/2022ൽ വർക്കിംഗ് ഗ്രൂപ്പുകൾ കൂടിയിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് യോഗം ചേർന്നിട്ടുണ്ട്. എന്നാൽ എല്ലാ തീരുമാനങ്ങളും പദ്ധതികളായി രൂപപ്പെട്ടിട്ടില്ല.

| വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | യോഗം ചേർന്ന തീയതി | തീരുമാനങ്ങളുടെ എണ്ണം | പങ്കെടുത്ത അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| വനിതാ വികസനം | 07/07/2022 | 18 | 24 |

| | | | |
|---|---|---|---|
| കൃഷി | 12/05/2022 | 18 | 16 |
| പട്ടിക ജാതി വികസനം | 12/05/2022 | 17 | 9 |
| കുടിവെള്ളം,ശുചിത്വം | 12/05/2022 | 14 | 14 |
| പൊതുഭരണം,ധനകാര്യം | 12/05/2022 | 7 | 7 |
| ദാരിദ്ര്യ ലഘൂകരണം പാർപ്പിടം ഉൾപ്പെടെ | 12/05/2022 | 17 | 29 |
| പ്രാദേശിക സാമ്പത്തിക വികസനം | 12/05/2022 | 7 | 12 |
| പട്ടിക ജാതിവികസനം | 12/05/2022 | 25 | 11 |
| വിദ്യാഭ്യാസം,കലയും സംസ്കാരവും യുവജനക്ഷേമം | 30/06/2022 | 24 | 24 |
| ജൈവവൈവിധ്യം,ദുരന്ത നിവാരണം,കാലാവസ്ഥാവ്യതിയാനം, | 06/07/2022 | 4 | 4 |
| മൃഗസംരക്ഷണം,ക്ഷീരവികസനം | 12/05/2022 | 18 | 15 |
| പൊതുമരാമത്ത് | 30/05/2022 | 10 | 14 |
| സാമൂഹ്യനീതി | 07/07/2022 | 22 | 17 |

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനം നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| 1 | ദുരന്തനിവാരണം | 06/07/22 | ദുരന്ത നിവാരണ സേന രൂപീകരണം, ബയോഡൈവേഴ്സിറ്റിയുമായി ചേർന്ന് പരിസ്ഥിതി സംരക്ഷണ പദ്ധതികൾ ഏറ്റെടുക്കുക |
| 2 | വനിതാ വികസനം | 06/07/22 | വനിതകൾക്ക് കരാട്ടെ,യോഗ പരിശീലനം |
| 3 | സാമൂഹിക നീതി | 07/07/22 | ബഡ്സ് സ്കൂൾ നിർമ്മാണം |
| 4 | പൊതുമരാമത്ത് | 30/05/22 | ജലജീവൻ മിഷൻ വഴി കുടിവെള്ള വിതരണം,പുതിയ റോഡ്,പാലങ്ങൾ നിർമ്മിക്കുക |

വനിതാ വികസനം, സാമൂഹിക നീതി എന്നീ വർക്കിംഗ് ഗ്രൂപ്പ് ജലജീവൻ മിഷൻ പദ്ധതി വഴി കുടിവെള്ള പദ്ധതി എല്ലാ പ്രദേശങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്ന എന്ന മറുപടിയുംജൈവപരിപാലനം,ജൈവവേലി നിർമ്മിക്കൽ എന്നീപ്രോജക്ടുകളും നടത്തിവരുന്നതായി മറുപടി ലഭിച്ചിട്ടുണ്ട്.

സ്റ്റാറ്റസ് റിപ്പോർട്ട്

വിവിധ മേഖലകളിലെ നിലവിലെ അവസ്ഥയും വികസനം എത്തപ്പെടേണ്ട മേഖലകളും വികസനം നേരിടുന്ന വെല്ലുവിളികളും പരിഹാരമാർഗങ്ങളും രൂപീകരിക്കേണ്ട പദ്ധതികളും ഉൾപ്പെടുന്ന ഒരു സമഗ്രമായ രേഖയാണ് ഓരോ സ്ഥാപനത്തിന്റെയും അവസ്ഥാ റിപ്പോർട്ട്. അത് കാലോചിതമായി പരിഷ്കരിക്കേണ്ടതും അത്യാവശ്യമാണ്. വിവിധ വിഷയമേഖലകളിലെ അവസ്ഥാ റിപ്പോർട്ട് 2022-23 വർഷം പുതുക്കിയിട്ടുണ്ട്.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങൾക്കുള്ള പരിഹാര നടപടികൾ ചുവടെ ചേർക്കുന്ന പദ്ധതികൾ മുഖേനെ നടപ്പാക്കിയിട്ടുണ്ട്.

ലൈഫ് മിഷൻ ഭവന പദ്ധതി,ക്യാൻസർ രോഗ നിയന്ത്രണ പദ്ധതികൾ,ആശ്വാസ് പദ്ധതികൾ എന്നിവയും കൃഷി മേഖലയിൽ വാഴ കൃഷി വികസനം,ഇടവിള കൃഷി,അടുക്കളത്തോട്ടം,മുട്ട കോഴി വിതരണം,ഗ്രോ ബാഗിൽ പച്ചക്കറികൃഷി,ആട്ട വിതരണം എന്നിങ്ങനെയുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തി നിർവ്വഹണം നടത്തിവരുന്നു.

ഗ്രാമസഭകൾ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1 (1) പ്രകാരം വികസനപരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്.

ഗ്രാമസഭാമിനിട്സുകൾ പരിശോധിച്ചതിൽ അത്തരത്തിലുള്ള നിബന്ധനകൾ ഇല്ലാത്തതായി കാണുന്നു.

ഗ്രാമപഞ്ചായത്തിന്റെ വികസനത്തിനും പുരോഗതിക്കും ഉതകുന്ന വിധത്തിൽ മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചു കൊണ്ടും പദ്ധതിപ്പണം പൂർണ്ണമായി ഉപയോഗിക്കുന്ന വിധത്തിൽ പദ്ധതി ആസൂത്രണം ചെയ്ത്

നടപ്പാക്കുന്നതിൽ ഭരണസമിതി പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-6 ക്യാഷ് ബാലൻസ്- പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.09.2023 11.30 എഎം ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10404/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 സാമൂഹ്യ സുരക്ഷ പെൻഷൻ പദ്ധതികൾ

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നിലവിലെ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 1686800 | 167 |
| വിധവാ പെൻഷൻ | 22536800 | 1127 |
| വാർദ്ധക്യകാല പെൻഷൻ | 2192240 | 2411 |
| വികലാംഗ പെൻഷൻ | 3185200 | 307 |
| വിവാഹ ധനസഹായം | 360000 | 0 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 292000 | 207 |

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമസഭയിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഓഫീസ് ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾ താഴെ പറയുന്ന അപാകങ്ങൾ ഒഴിവാക്കി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1) വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിലെ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

2) നിലവിലെ വരുമാനം പിരിച്ചെടുക്കുന്നതിലും പുതിയ വരുമാനസ്രോതസുകൾ കണ്ടെത്തുന്നതിലും ജാഗ്രത പുലർത്തേണ്ടതാണ്.

3) പദ്ധതി രൂപീകരണ പ്രക്രിയയിൽ കുറച്ചുകൂടി ശ്രദ്ധ പുലർത്തേണ്ടതാണ്. പൊതുമരാമത്തിലെ സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷവും നടപ്പിലാക്കാതെ വരുന്നതുമൂലം ഫണ്ട് ലാപ്സായിപോകുന്നത് ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.

4) ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച കാണുന്നു.ലേല നിബന്ധനകൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി, പ്രൊക്യൂർമെന്റ് കമ്മിറ്റി എന്നിവ സജീവമായി ഇടപ്പെടേണ്ടതുണ്ട്.
5) വിവിധ രജിസ്റ്ററുകൾ ആധികാരികമായി കാലികമാക്കി സൂക്ഷിക്കേണ്ടതുണ്ട്.
6) കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിലെ റസിഡൻഷ്യൽ സ്കൂൾ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
7)അംഗൻവാടി,സാമൂഹിക പഠനകേന്ദ്രം എന്നിവയ്ക്ക് വേണ്ടി വാങ്ങിയ സ്ഥലങ്ങളിൽ കെട്ടിടനിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
8) ജലജീവൻ മിഷൻ നടപ്പിലാക്കുന്നതിനായി മുറിച്ച റോഡുകൾ പൂർവസ്ഥിതിയിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 830 | 1512604 | 1513434 | 1451108 | 2165 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്. | 0 | 59167000 | 59167000 | 59167000 | 0 |
| ആകെ | 830 | 60679604 | 60680434 | 60618108 | 2165 |

ഭരണചെലവിനത്തിലെ വരവ് ,ചെലവ് , നീക്കിയിരിപ്പ് തുകകൾ രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. ആയത് പൊരുത്തപ്പെടുത്തി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2022 | 2021-22 | 18.03.2022 |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.03.2022 മുതൽ 19.03.2022 വരെ | 2019-20 | 07.04.2022 |

## 1-11 വളർത്തുനായകൾക്ക് ലൈസൻസ് - തനതുവരുമാന വർദ്ധന സാധ്യത പരിഗണിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം , വിവരണം | S0086/22-23, പേവിഷബാധ നിയന്ത്രണം |
| അടങ്കൽ തുക | 60000 |
| ചെലവ് തുക | 60000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

പേ വിഷബാധ നിയന്ത്രണത്തിനായി വെറ്റിനറി സർജന്റെ പ്രോജക്ട് പ്രകാരം (നമ്പർ S0086/22-23 പ്രകാരം) 600 നായ്ക്കൾക്ക് പേവിഷബാധ വാക്സിനേഷൻ നൽകിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ നായക്കളുടെ ഉടമസ്ഥരുടെ പേര് സഹിതമുള്ള ലിസ്റ്റ് ഉള്ളടക്കം ചെയ്തിട്ടുള്ളതാണ്. ILGMS ലെഡ്ജർ പരിശോധിച്ചപ്പോൾ 132 എണ്ണം ലൈസൻസുകൾ മാത്രമാണ് പഞ്ചായത്തിൽ നിന്നും നൽകിയിട്ടുള്ളത്. പ്രോജക്ട് നടപ്പിലാക്കിയപ്പോൾ ലൈസൻസ് നിബന്ധന വ്യവസ്ഥയാക്കിയിരുന്നെങ്കിലോ, വാക്സിനേഷൻസമയത്ത് ലൈസൻസ് നൽകുവാൻ സാധിച്ചിരുന്നെങ്കിലോ തനത് വരുമാനത്തിൽ ഈ ഇനത്തിൽ വർദ്ധനവ് സാധ്യമായിരുന്നു . 13.09.2023ന് നൽകിയിട്ടുള്ള 7ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിൽ നടപടികൾ സ്വീകരിക്കുന്നു എന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുള്ളതാണ്. ഇത്തരത്തിലുള്ള പ്രോജക്ട് നടപ്പിലാക്കുമ്പോൾ തനതുവരുമാനവർദ്ധന സാധ്യതകൂടി പരിഗണിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 കടമുറിവാടക ഈടാക്കിയിട്ടില്ല -നഷ്ടം 4800/-രൂപ

കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള 1-ാം നമ്പർ കടമുറി (കുറ്റിച്ചൽ) ഗ്രേസി എന്നയാൾ പ്രതിമാസം 400/- രൂപയ്ക്ക് ലേലം കൊണ്ടിട്ടുള്ളതാണ്. ലേലരജിസ്റ്റർ പരിശോധിച്ചപ്പോൾ നാളിതുവരെ വാടക ഇനത്തിൽ തുക ഒടുക്കിയിട്ടില്ലാത്ത പ്രസ്തുത കടമുറി ലേലം കൊണ്ട ശ്രീമതി. ഗ്രേസി 16.01.2023 തീയതിയിൽ മരണപ്പെട്ട് പോയിട്ടുള്ളതിനാലാണ് വാടക ഒടുക്കുന്നതിൽ വീഴ്ച വന്നിട്ടുള്ളതെന്ന് മറുപടി (ഓഡിറ്റ് അന്വേഷണം നം.27/18.09.23) ലഭ്യമാക്കിയിട്ടുള്ളതാണ്. കടമുറി ടിയാൾ ലേലം കൊണ്ടത് ഏപ്രിൽ 2022 ലാണ്. ശ്രീമതി ഗ്രേസി മരണപ്പെടുന്നത് ജനുവരി 2023 നാകയാൽ ടിയാൾ മരണപ്പെടുന്നതു വരെ 9 മാസത്തെ കടിശ്ശിക ആയിട്ടുള്ളതാണ്. കൂടാതെ കടമുറി പുനർ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച വിവരങ്ങൾ ലഭ്യമാക്കാൻ 19.09.2023 തീയതിൽ 35-ാം നമ്പർ ഓഡിറ്റ്

അന്വഷണം നൽകിയിട്ടുള്ളതിൽ ആ സാമ്പത്തിക വർഷം പുനർലേലം നടത്തിയിട്ടില്ല എന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പഞ്ചായത്തിന്റെ തനതുഫണ്ടിൽ വരവ് ഇനങ്ങളിൽ തുകകൾ പിരിച്ചെടുക്കുന്നതിൽ ജാഗ്രതക്കുറവ് ഉണ്ടായിട്ടുള്ളതാണ്. പ്രസ്തുത വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 റേഷൻകടകടിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും 2022-2023 സാമ്പത്തിക വർഷത്തിൽ വരുമാനത്തിനനുസൃതമായി തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 16/15.09.2023 ന് നികുതികൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുള്ളതാണ്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01,2019 ലെ ( സി എസ്) എ 9-764/2019 ാം നമ്പർ കത്തിൽ എല്ലാ റേഷൻ കടകളും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഒടുക്കണമെന്ന് സ്പഷ്ടീകരണം ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത തുകകൾ ഈടാക്കേണ്ടതാണ്.

## 1-14 സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കുന്നില്ല

കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിൽ വരുന്ന ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള സ്ഥാപന നികുതി ഒടുക്കുവരുത്തിയിട്ടില്ല.

I. എസ് സി പി ഫ്യൂവൽസ് കുറ്റിച്ചൽ

I. ആര്യവൈദ്യശാല കുറ്റിച്ചൽ

Ii. ജയശ്രീ ഫിനാൻസ്

Iii.ഐശ്വര്യ ഫിനാൻസ് കുറ്റിച്ചൽ

Iv.കുറ്റിച്ചൽ പഞ്ചായത്ത് റസിഡൻസ് വെൽഫയർ സഹകരണ സംഘം

ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 16/15.09.2023 ന് നികുതികൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുള്ളതാണ്.

## 1-15 മാർക്കറ്റ് ഗേറ്റ് പിരിവ് 68333രൂപ ഈടാക്കനവശേഷിക്കുന്നു

കുറ്റിച്ചൽ മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് ശ്രീ. മുഹമ്മദ് നൈസാം,കൊല്ലാരുകോണം എന്നയാൾ 2022-2023 സാമ്പത്തിക വർഷത്തേക്ക് ആകെ 102500/- രൂപയ്ക്ക് ലേലം കൊണ്ടിട്ടുള്ളതാണ്. എന്നാൽ ടിയാൾ 34167/- രൂപ മാത്രമേ ഒടുക്കിയിട്ടുള്ളൂ. ബാക്കി തുകയായ 68833/- രൂപ ലഭ്യമായിട്ടില്ല. കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുള്ളതാണ്.കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 27/18.09.2023) മറുപടി ലഭ്യമാക്കി.

## 1-16 അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്

സർക്കുലർ നം. RB3/178/2020/lsgd Dated 20.6.2022 പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വാണിജ്യമോ, വാസഗൃഹമോ എപ്രകാരമുള്ള കെട്ടിടങ്ങളായാലും അവയ്ക്ക് കേരളപഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ട സ്ഥലം മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി കെട്ടിയടച്ച് ഷെഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തി ഉപയാഗിക്കുക -അതുവഴി പാർക്കിംഗ് ഏരിയ , റോഡിൽ നിന്നുള്ള അകലം എന്നിവ ഇല്ലാതാക്കുക തുടങ്ങിയ ക്രമവിരുദ്ധമായ നടപടികൾ തദ്ദേശഭരണസെക്രട്ടറിമാർ കർശനമായി നിരീക്ഷിക്കണമെന്നും അതോടൊപ്പം അപ്രകാരമുള്ള അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനും അഥവാ ഇത്തരത്തിലുള്ള നിർമ്മാണം നടത്തിയതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് പൊളിച്ചു നീക്കുന്നതിനുള്ള സത്വരനടപടിൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് സന്ദർശനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും തുടർ നടപടി വിവരവും ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 31 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് അന്വഷണത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-17 ലൈഫ് പദ്ധതി - കരാർ വ്യവസ്ഥകളിൽ അവ്യക്തത

ലൈഫ് മിഷൻ ഭവനപദ്ധതിയിലെ ഗുണഭോക്താക്കൾ പഞ്ചായത്തുമായി ഏർപ്പെടുന്ന കരാർ വ്യവസ്ഥകൾ പ്രകാരം , കരാർ വ്യവസ്ഥകളിൽ വീഴ്ചവരുത്തുന്ന പക്ഷം, കരാറിന്റെ 4-ാം വ്യവസ്ഥ അനുസരിച്ച് ഗുണഭോക്താക്കൾക്ക് പ്രോജക്ട് മുഖാന്തിരം

നൽകിയിട്ടുള്ള തുക വസൂൽ ചെയ്യുന്നതിനുള്ളതിനുള്ള നടപടി പഞ്ചായത്തിന് സ്വീകരിക്കാവുന്നതാണ്. എന്നാൽ ഗുണഭോക്താവുമായി ഏർപ്പെടുന്ന കരാറിൽ 4-ാം വ്യവസ്ഥ ഉൾപ്പെടുത്താതെയാണ് കരാർ ചമച്ചിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് പേര് | ഗുണഭോക്താവ് |
|---|---|---|
| 31/22 | ലൈഫ് ഭവനപദ്ധതി (പട്ടിക ജാതി) | അശ്വതി. വി. എൻ |
| | | ബാബു. സി |

കരാർ വ്യവസ്ഥകളിൽ ഇത്തരം അവ്യക്തത സാങ്കേതിക പ്രശ്നം കാരണം ഉണ്ടായതാണെന്ന് 15.09.2023 ൽ നൽകിയിട്ടുള്ള 14-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടുണ്ട്. കരാറുകളിലെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന വ്യവസ്ഥകളിൽ ഉണ്ടാകുന്ന ഇത്തരം അവ്യക്ത കോടതി വ്യവഹാരങ്ങൾ ഉണ്ടായാൽ പഞ്ചായത്തിന്റെ ഭാഗം ദുർബലപ്പെടുത്തിയേക്കാം. ഭാവിയിൽ ഇത്തരം പോരായ്മകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ഗ്രാമസഭ -നിയമാനുസൃതം കൂടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കുറ്റിച്ചൽ പഞ്ചായത്തിൽ നിലവിൽ 14 വാർഡുകളും, 7 ഊരുക്കൂട്ടങ്ങളുമാണ് ഉള്ളത്. 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം ഗ്രാമസഭ മൂന്ന് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമസഭയുടെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ ടി നിയമം അനുശാസിക്കുന്ന സമയപരിധി പാലിച്ചുകൊണ്ട് ഗ്രാമസഭകൾ വിളിച്ചുചേർത്തിട്ടില്ല. മറ്റു ചില അപാകതകൾ ചുവടെ ചേർക്കുന്നു.

- ഗ്രാമസഭയിൽ പങ്കെടുക്കുന്നതിനായി പഞ്ചായത്ത് പ്രതിനിധാനം ചെയ്യുന്ന ജില്ല, ബ്ലോക്ക്, നിയമസഭ പ്രതിനിധികളെ ക്ഷണിച്ചതിന്റെ വിവരങ്ങൾ കാണുന്നില്ല.
- ഗ്രാമസഭ വിളിച്ചുചേർക്കുന്നതിനുള്ള അറിയിപ്പ് നോട്ടീസ് മിനുട്സ് ബുക്കിൽ പതിപ്പിക്കുന്നില്ല.
- കേരള പഞ്ചായത്ത് രാജ് നിയമം പ്രകാരം ഒരു ഗ്രാമസഭയുടെ ക്വാറം പ്രസ്തുത പ്രദേശത്തെ സമ്മതിദായകരുടെ പത്ത് ശതമാനം ആയിരിക്കുന്നതാണ്. എന്നാൽ ഈ പഞ്ചായത്തിൽ ക്വാറം തികയാതെ ഗ്രാമസഭകൾ കൂടിയിട്ടുള്ളതായി കാണുന്നു.

ഉദാ: വാർഡ് 5 (കൊടുക്കറ), ആകെ വോട്ടർമാർ - 1172, തീയതി രേഖപ്പെടുത്തിയിട്ടില്ല, ഗ്രാമസഭയിൽ പങ്കെടുത്തത് 78 പേർ, വാർഡ് 7 (ചോനാംപാറ), ആകെ വോട്ടർമാർ - 1051, തീയതി - 23.06.23, ഗ്രാമസഭയിൽ പങ്കെടുത്തത് 79 പേർ.

- ഈ പഞ്ചായത്തിലെ 14-ാം വാർഡിൽ(പേഴുംമൂട്) 28.12.2022 ന് 3 Pm ന് കൂടിയ ഗ്രാമസഭയിൽ ക്വാറം തികയാത്തതിനാൽ ടി യോഗം മറ്റൊരു ദിവസത്തേക്ക് വെയ്ക്കുന്നതിന് തീരുമാനമെടുക്കുകയുണ്ടായി. എന്നാൽ പ്രസ്തുത തീരുമാനം കോർഡിനേറ്റർ, കൺവീനർ എന്നിവർ അംഗീകരിച്ചിട്ടുള്ളതായി കാണുന്നില്ല. അതുപോലെ മാറ്റിവെച്ച ഗ്രാമസഭ പിന്നീട് കൂടിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി യോഗത്തിന്റെ തീയതി മിനിട്സിൽ വ്യക്തമാക്കിയിട്ടില്ല.
- ഭൂരിഭാഗം വാർഡുകളിലെയും ഗ്രാമസഭ മിനിട്സ്, യോഗതീരുമാനങ്ങൾ, ഗ്രാമസഭ തിരഞ്ഞെടുക്കുന്ന ഗുണഭോക്തൃ ലിസ്റ്റ് എന്നിവ കൺവീനർ സാക്ഷ്യപ്പെടുത്തി ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.
- മിനിട്സ് ബുക്കിൽ മിനിട്സ് ബുക്കിൽ നിരവധി പേജുകളിൽ രേഖപ്പെടുത്തലുകൾ ഇല്ലാതെ ഒഴിച്ചിട്ടുള്ളതായി കാണുന്നു.

മേൽസാഹചര്യത്തിൽ 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധി പാലിച്ചുകൊണ്ട് ഈ പഞ്ചായത്തിൽ ഗ്രാമസഭകൾ വിളിച്ചുചേർക്കാത്തത് സംബന്ധിച്ചും, അതുപോലെ ഗ്രാമസഭ മിനിട്സ് ബുക്ക് അപൂർണ്ണമായ രേഖപ്പെടുത്തലുകൾ സംബന്ധിച്ചുമുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 19 ന് മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-19 യുവജനക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വാങ്ങൽ -പദ്ധതിലക്ഷ്യം കൈവരിച്ചില്ല

പ്രോജക്റ്റ് നമ്പർ –174/23
പേര് –യുവജന ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം
ഫണ്ട് –വികസന ഫണ്ട്( ജനറൽ)
അടങ്കൽ –1,20,000/
ചെലവ് –1,17,600/
ബിൽ നമ്പർ –56/23.2.23

കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റാണ് യുവജനങ്ങൾക്ക് സ്പോർട്സ് കിറ്റ് .

വിവിധ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും എറ്റവും കുറവ് തുക ക്വാട്ട് ചെയ്ത AB എൻറർ പ്രൈസസ്, ജെ.ജെ.ബിൽഡിംഗ്, കുന്നപ്പുഴ, എന്ന സ്ഥാപനത്തിന് ടെണ്ടർ ഉറപ്പിക്കുകയും ചെയ്തു. ടെണ്ടർ തുകയായ 1,17,600/ രൂപ 23.2.23 ന് കൈമാറുകയും ചെയ്തു. എന്നാൽ സ്ഥാപനം നല്കിയ സാധനങ്ങൾ ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ളതല്ലാത്തതിനാൽ സാധനങ്ങൾ തിരികെ എല്പിക്കുകയും കൈപ്പറ്റിയ തുകയായ 1,17,600/ രൂപയും അടുത്ത സാമ്പത്തിക വർഷത്തിൽ 16/6/23 ൽ വികസന ഫണ്ടിലേക്ക് തിരിച്ചടയ്ക്കുകയും ചെയ്തു. പദ്ധതി ലക്ഷ്യം കൈവരിച്ചില്ലായെന്ന മാത്രമല്ല പദ്ധതി തുക പാഴായതിനും ഇടയായി.
ആവശ്യകതാ നിർണ്ണയം നടത്തി അതിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. പ്രൊക്യൂയർമെൻറ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വാങ്ങലുകൾ നടത്തി പ്രോജക്ടുകൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ആസ്തി സംരക്ഷണ പദ്ധതി- തയ്യാറാക്കേണ്ടതാണ്.

1. ജി.പി.എസ് സംവിധാനം ഉപയോഗിച്ച് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട എല്ലാ റോഡുകളും ആസ്തികളും മാപ്പ് ചെയ്യുന്നതിനും ആയതിന്റെ കണക്റ്റിവിറ്റി മുഴുവൻ രേഖപ്പെടുത്തുന്നതിനായി നിലവിൽ R-track Mobile Application വഴി പഞ്ചായത്തിലെ മുഴുവൻ റോഡുകളും മാപ്പ് ചെയ്യുന്നതിനുള്ള റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് പദ്ധതി മുൻ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല.പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനോടൊപ്പം ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. 2021-22 കാലയളവിൽ അംഗൻവാടികൾ,സാംസ്കാരിക നിലയം എന്നിവയ്ക്കുവേണ്ടി വാങ്ങിയ സ്ഥലങ്ങൾ ആസ്തിരജിസ്റ്ററിൽ കാലികമാക്കിയിട്ടില്ല.

2. റോഡ്, നോൺ റോഡ് മെയ്ന്റനൻസ് ഗ്രാന്റിന്റെ വിനിയോഗം ആസ്തി സംരക്ഷണ പദ്ധതിയുടെ അടിസ്ഥാനത്തിലല്ല.

സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും ,തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. നിലവിൽ റോഡ്, നോൺ റോഡ് മെയ്ന്റനൻസ് ഗ്രാന്റിന്റെ വിനിയോഗം ആസ്തി സംരക്ഷണ പദ്ധതിയുടെ അടിസ്ഥാനത്തിലല്ല. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി ആയതിലെ മുൻഗണനാ ക്രമത്തിൽ റോഡ്, നോൺ റോഡ് മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗിക്കേണ്ടതാണ്.

## 1-21 ഗുണഭോക്തൃസമിതി പ്രോജക്ട് നിർവ്വഹണം-അപാകതകൾ

പ്രോജക്ട് നം,പേര് -എസ്.ഒ.086/22,38/23 മണ്ണൂർക്കര അംഗൻവാടി മെയിന്റെനൻസ്

ഫണ്ട് -മെയിന്റെനൻസ് ഫണ്ട്(റോഡിതരം) (സ്പിൽ ഓവർ)

അടങ്കൽതുക -200000/

ചെലവ് തുക-1,82,744/(billno 4/20.05.22)

T.S.no-L.S.G.D/T.S/21-22/4637 Dtd 13.08.21
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. എഞ്ചിനീയർ

തദ്ദേശ സ്വയം ഭരണ വകുപ്പിലെ ഗുണഭോക്തൃ സമിതി വഴി നടപ്പിലാക്കുന്ന പൊതുമരാമത്ത് പ്രവർത്തികൾ സംബന്ധിച്ച സർക്കുലറിലെ(നം.ഡിബി 1/1559/2010/CE/LSGD Dtd 13.11.2014) നടപടിക്രമങ്ങൾ പാലിക്കുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.) മേൽ സർക്കുലർ പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗം ആയിട്ടുള്ള ആളെ ഗുണഭോക്തൃ സമിതിയിൽ അംഗമായിചേർക്കാൻ പാടില്ലാത്തതാണ്.എന്നാൽ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ ഈ പഞ്ചായത്തിലെ പതിനൊന്നാം വാർഡ് മെമ്പറെ ഗുണഭോക്തൃ സമിതി അംഗമാക്കുകയും ടിയാളെ ചെയർമാൻ ആയി തെരെഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

2) ഗുണഭോക്തൃസമിതി നിർവ്വഹണം നടത്തിയ പ്രവർത്തികളുടെ വരവ് ചെലവ് കണക്കുകൾ സമിതി യോഗം കൂടി അംഗീകരിച്ചിട്ടില്ല. കൂടാതെ ചെലവിനാസ്പദമായ ബില്ലുകളും വൗച്ചറുകളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ചെലവ് തുകയുടെ കൃത്യത ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല.

3) ഗുണഭോക്തൃസമിതിയുടെ മിനിട്സ് ബുക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4)പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗ രേഖയിൽ12.2.5 ( എ) യിൽ ഒരു ലക്ഷം രൂപയോ അതിനുള്ളിൽ എസ്റ്റിമേറ്റ്

തുകയുള്ള പ്രവർത്തികൾ മാത്രം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല. സർക്കാർ ഉത്തരവുകളും മാർഗ്ഗരേഖയും അനുശ്ശാസിക്കും പ്രകാരം മാത്രം പ്രവർത്തികൾ നിർവഹിക്കാവൂ. അല്ലാത്തപക്ഷം ചെലവ് തുക നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി മാറുന്നതാണ്.

## 1-22 സ്യൂട്ട് രജിസ്റ്റർ പരിപാലനം-തൃപ്തികരമല്ല

സ്യൂട്ട് രജിസ്റ്റർ പ്രകാരം 2010 മുതൽ വിവിധ കേസുകൾ ഗ്രാമപഞ്ചായത്ത് എതിർകക്ഷിയായി നിലവിലുണ്ട്. ഇവയിൽ ഹൈക്കോടതി,കീഴ്കോടതികൾ, ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ എന്നിവയിൽ ഫയൽ ചെയ്തവ വരെ ഉൾപ്പെടുന്നു. കേസിന്റെ തുടർ നടത്തിപ്പ്, തീർപ്പ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തൻമൂലം പഞ്ചായത്തിന്റെ താത്പര്യം സംരക്ഷിക്കാൻ ഉതകുംവിധം സമയബന്ധിതമായി നടപടികൾ തുടരുന്നതിന് പഞ്ചായത്തിനു കഴിയുന്നുണ്ടോ എന്നതും വ്യക്തമല്ല. കൂടാതെ പഞ്ചായത്ത് വാദിയായാണോ പ്രതിയായാണോ കേസുകളിൽ കക്ഷി ചേർന്നിരിക്കുന്നത് എന്ന കാര്യവും രജിസ്റ്ററിൽ നിന്നും വ്യക്തമല്ല. പഞ്ചായത്തിനനുകൂലമായി വിധികൾ സമ്പാദിക്കാനും അവ യഥാസമയം നടത്തിയെടുക്കാനും വിധി അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കുവാനും പ്രസ്തുത രജിസ്റ്ററിലെ സമഗ്രമായ രേഖപ്പെടുത്തലുകൾ അനിവാര്യമാണ്. കുറ്റമറ്റ രീതിയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. വക്കീൽ ഫീസ് ഇനത്തിൽ ചെലവഴിയ്ക്കുന്ന തുകയുടെ (15000/- രൂപയാണ് ഓഡിറ്റുവർഷത്തിൽ ചെലവഴിച്ചത്) മേൽ വിവരങ്ങൾ സംബന്ധിച്ച വിവരങ്ങൾ , തുക വക്കീലിനു നൽകിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റുവർഷം ചെലവഴിച്ച തുകയുമായി ബന്ധപ്പെട്ട് നടത്തിയ കേസിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ 18/23 Dtd 15.09.23)

## 1-23 സ്ഥലം വാങ്ങൽ പദ്ധതി-സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല.

കുറിച്ചൽ ഗ്രാമപഞ്ചായത്തിലെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട അംഗനവാടികൾക്ക് സ്ഥലം വാങ്ങൽ (പ്രോജക്ട് നം. 160/21-22(32/2023), പൂച്ചപ്പാറ എസ്.സി കോളനിയ്ക്ക് സാമൂഹ്യപഠന കേന്ദ്രത്തിന് സ്ഥലം വാങ്ങൽ(70/21-22(28/2023))എന്നിവ 2022-23 വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയായി നടപ്പാക്കുകയുണ്ടായി. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പേരിൽ വാങ്ങുന്ന ഭൂമിക്ക് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും കേരള സ്റ്റാമ്പ് ആക്ട് 1959 സെക്ഷൻ 9(1)എ,രജിസ്ട്രേഷൻ ആക്ട് 1908 വകുപ്പ് 78(2), 30.01.2020 ലെ സ.ഉ(പി) 10/2020/TD(SRO No 86/2020,84/2020) പ്രകാരം ഒഴിവാക്കിയതാണെങ്കിലും ഈ പ്രോജക്ടുകളിൽ അവയ്ക്ക് ചെലവ് വന്നിട്ടുണ്ട്. ടി പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ടിന്റെ പേര് /നമ്പർ: അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ / 160/21-22(32/2023)

പ്രോജക്ട് വിഭാഗം :വികസനഫണ്ട് ( ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് : സെക്രട്ടറി, ഗ്രാമപഞ്ചായത്ത്

സ്പിൽ ഓവർ ആയി പ്രോജക്ടിന് വകയിരുത്തിയ തുക : 354280

ഭരണസമിതിയുടെ തീരുമാനം : 1(1) Dtd. 26.07.2022

പദ്ധതി ചെലവ് : Rs 354280( Bill No 3/10.06.22)Rs 306000,Bill No 6/15.06.22, Rs 48280)

2. പൂച്ചപ്പാറ എസ്.സി കോളനിയ്ക്ക് സാമൂഹ്യ പഠനകേന്ദ്രം,

പ്രോജക്ടിന്റെ പേര് /നമ്പർ: പൂച്ചപ്പാറ എസ്.സി കോളനിയ്ക്ക് സാമൂഹ്യപഠന കേന്ദ്രത്തിന് സ്ഥലം വാങ്ങൽ / 70/21-22(28/2023)

നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് : സെക്രട്ടറി, ഗ്രാമപഞ്ചായത്ത്

സ്പിൽ ഓവർ ആയി പ്രോജക്ടിന് വകയിരുത്തിയ തുക : 213040( വികസന ഫണ്ട് ( എസ് സി പി)

പദ്ധതി ചെലവ് : Rs 213040( Bill No 4/10.06.22 രൂപ 188646/-, Bill No 7/15.06.22രൂപ 24394)

ഭരണസമിതിയുടെ തീരുമാനം : 1(1) Dtd. 26.07.2022

മേൽപദ്ധതികൾക്ക് ഭൂമി വാങ്ങുന്നതിന് അനുയോജ്യതാ സാക്ഷ്യപത്രം അനുവദിച്ചുകൊണ്ടുള്ള തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ADP-TVM/687/2022-C2, ADP-TVM/686/2022-C2 Dtd. 12.05.2022 നം. ഉത്തരവുകളിൽ നിലവിലുള്ള നിയമങ്ങളും സർക്കാർ ഉത്തരവുകളും ഇക്കാര്യത്തിൽ കർശനമായി പാലിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം വാങ്ങുന്നതുമായി ബന്ധപ്പെട്ട 30.01.2020 ലെ സ.ഉ(പി).10/2020/TD (S.R.O No. 86/2020, കേരള ഗസറ്റ് (അസാധാരണ) വിജ്ഞാപനം വാല്യം IX, നം.341, തീയതി 03/02/2020) സർക്കാർ ഉത്തരവിൽ വികസന ആവശ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ ഭൂമി വിലയ്ക്ക്

വാങ്ങുമ്പോൾ അതിന് രജിസ്ട്രേഷൻ ഫീ,സ്റ്റാമ്പ് ഡ്യൂട്ടി അടയ്ക്കേണ്ടതില്ലെന്ന് വ്യക്തമാക്കുന്നുണ്ട്.എന്നാൽ മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് കുറ്റിച്ചൽ പഞ്ചായത്ത് രജിസ്ട്രേഷൻ ഫീ, സ്റ്റാമ്പ് ഫീസ് എന്നിവ ഒടുക്കിയിട്ടുള്ളത്. അംഗൻവാടികൾക്ക് സ്ഥലം വാങ്ങുന്നതിനായി മുദ്രപത്രത്തിന് 30,000/- രൂപയും രജിസ്ട്രേഷൻഫീസായി 7750/- രൂപയും,സർവ്വെ റിപ്പോർട്ട് 2000/- രൂപയും ഉൾപ്പെടെയുള്ള തുകയാണ് ചെലവ് ചെയ്തിട്ടുള്ളത്. (Billno6/15.6.22 Rs 48280).സാമൂഹിക പഠനകേന്ദ്രത്തിന് സ്ഥലം വാങ്ങുന്നതിനായി മുദ്രപത്രത്തിന് 15100/- രൂപയും രജിസ്ട്രേഷൻഫീസായി 3944/- രൂപയും,സർവ്വെ റിപ്പോർട്ട് 1000/- രൂപയും ഉൾപ്പെടെയുള്ള തുകയാണ് ചെലവ് ചെയ്തിട്ടുള്ളത്. (Billno7/15.6.22 Rs 24394)

മേൽ സാഹചര്യത്തിൽ 30.01.2020 ലെ സ.ഉ(പി).10/2020/TD നമ്പർ സർക്കാർ ഉത്തരവിനു വിരുദ്ധമായി രജിസ്ട്രേഷൻ ഫീ, സ്റ്റാമ്പ് ഫീസ് എന്നിവ ഒടുക്കിയത് സംബന്ധിച്ചും, താലൂക്ക് സർവ്വെയർ സ്ഥലപരിശോധന നടത്തി സമർപ്പിച്ച സർവ്വെ സ്കെച്ച് ഉണ്ടായിരിക്കവെ സർവ്വെ ഫീസിനത്തിൽ 3000/-(മൂവായിരം രൂപ) ഒടുക്കിയത് സംബന്ധിച്ചും ഉള്ള വ്യക്തമായ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/16.9.23) മറുപടിയായി സർക്കാരിലേക്ക് ഒടുക്കിയ തുകകൾ തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സർവ്വേ ഇനത്തിൽ നൽകിയ 3000/- രൂപ 1230101168 രസീത് പ്രകാരം 19.09.2023ൽ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

## 1-24 ടെണ്ടർ ഫോറം വില നാളിതുവരെ ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് വിവിധ സാമ്പത്തിക വർഷങ്ങളിൽ ഇ-ടെൻഡർ നടപടികളിലൂടെ വിവിധ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ ( ടെൻഡർ ഫോം വില + ടെൻഡർ വിജയിയായ കരാറുകാരന്റെ മാത്രം നിരതദ്രവ്യം) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.ഓഡിറ്റ് എൻക്വയറി നമ്പർ 9/14/09.22 ന് മറുപടിയായി ലഭിച്ച വിവരം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ഫോറം വില |
|---|---|
| 2018-2019 | 84518 |
| 2019-2020 | 48210 |
| 2020-2021 | 12857 |
| 2021-2022 | 102870 |
| 2022-2023 | 96274 |

നാളിതുവരെ അക്കൗണ്ട് തുടങ്ങിയിട്ടില്ല എന്നാണ് അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എത്രയും വേഗം അക്കൗണ്ട് തുടങ്ങി ജില്ലാ പഞ്ചായത്തിൽ നിന്നും ഇ-ടെണ്ടർ ഫോറവില തിരികെ ഈടാക്കേണ്ടതും പഞ്ചായത്ത് അക്കൊണ്ടിൽ കൈമാറോണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-25 ഗുണഭോക്തൃവിഹിതം ഈടാക്കിയ പ്രോജക്ട് നടപ്പിലാക്കിയില്ല

വാർഷിക ധനകാര്യപത്രികയിലെ B4 ഷെഡ്യൂളിൽ ഉൾപ്പെട്ട തുകകളുടെ ലെഡ്ജർ പരിശോധനയിൽ 2022-2023 സാമ്പത്തിക വർഷത്തിൽ ഗുണഭോക്തൃവിഹിതമായി പിരിച്ചിട്ടുള്ള 13671/- രൂപ ചെലവഴിച്ചതായി കാണുന്നില്ല. 16.09.2023 ൽ 21-ാം നമ്പരായി കൊടുത്തിട്ടുള്ള ഓഡിറ്റ് അന്വഷണത്തിന് വി ഇ ഒ മുഖാന്തിരം നടപ്പിലാക്കുന്ന ബയോകംബോസ്റ്റ് ബിൻ പ്രോജക്ടിനായുള്ള ഗുണഭോക്തൃവിഹിതമാണ് ഈ തുകയെന്ന മറുപടി ലഭിച്ചിട്ടുള്ളതാണ്. കൂടാതെ സുലേഖ സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോൾ പ്രസ്തുത പ്രോജക്ടിനായി തുക ചെലവഴിച്ചിട്ടില്ല. ഗുണഭോക്തൃവിഹിതം ഈടാക്കിയ പ്രോജക്ട് നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 ജലജീവൻ പദ്ധതി-റെസ്റ്റോറേഷൻ തുക ജലഅതോറിറ്റിയിൽ നിന്നും ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ വിവിധ റോഡുകളിൽ ജല അതോറിറ്റി ജലജീവൻ മിഷൻ പദ്ധതി പ്രകാരം പൈപ്പ് ലൈനുകൾ

സ്ഥാപിക്കുന്നതിന് പൊളിച്ചുമാറ്റിയിട്ടുണ്ട്. എന്നാൽ ജലഅതോറിറ്റി ഈ റോഡുകൾ റെസ്റ്റോറേഷൻ നടത്തി ഗതാഗത യോഗ്യമാക്കിയിട്ടില്ല. ജല അതോറിറ്റി പദ്ധതി നടത്തിപ്പിനായി പൊട്ടിപ്പൊളിച്ച റോഡുകൾ റെസ്റ്റോറേഷൻ നടത്താത്തത് ഗ്രാമപഞ്ചായത്തിന് ബാധ്യതയാകുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ ടാർ/കോൺക്രീറ്റ് ചെയ്ത റോഡുകൾ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൊളിച്ചുമാറ്റിയിട്ടുണ്ട്. ആയവ ഗതാഗത യോഗ്യമാക്കുന്നതിന് വേണ്ട തുക ജലഅതോറിറ്റിയിൽ നിന്നും കോമ്പൻസേഷൻ ഇനത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-27 വെറ്റിനറി ഡിസ്പെൻസറി-ക്യാഷ് ബുക്ക് പരിപാലനം - അപാകത

07.03.2008 ലെ ജി ഒ പി 119/2008 പ്രകാരം TR 7A പ്രകാരമുള്ള ഫോർമാറ്റിലാണ് ക്യാഷ് ബുക്ക് പരിപാലിക്കേണ്ടത് . എന്നാൽ വെറ്റിനറി ആശുപത്രിയിൽ സൂക്ഷിച്ചിട്ടുള്ള ക്യാഷ് ബുക്ക് TR 7A ഫോർമാറ്റ് പ്രകാരമല്ല സൂക്ഷിച്ചിട്ടുള്ളത്. സർക്കാർ നിർദ്ദേശപ്രകാരമുള്ള ഫോർമാറ്റിൽ ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്.

## 1-28 പാഥേയം പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

| | | |
|---|---|---|
| പ്രോജക്ട് നം , പേര് | 18/23 | 150/23 |
| അടങ്കൽ തുക | 729456/- | 326144/- |
| ചെലവ് തുക | 729456/- | 163072/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ | വി ഇ ഒ |

തിരു. ജില്ലാ പഞ്ചായത്ത് മുഖാന്തിരം നടപ്പാക്കുന്ന പ്രോജക്ടിനായി കുറിച്ചൽ ഗ്രാമപഞ്ചായത്ത്തുക കൈമാറിയിട്ടുള്ളത്. പാഥേയം പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ഭക്ഷണം വിതരണം ചെയ്തതിന്റെ വിവരം, തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 36 തീയതി : 19.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 1-29 കൈപ്പറ്റ് രസീത് ലഭ്യമാക്കിയില്ല - 50000/- രൂപ തടസ്സം ചെയ്യുന്നു

പ്രോജക്ട് നമ്പർ 106/23,-
പ്രോജക്ട് പേര് -കോക്ളിയാർ ഇംപ്ളാൻറേഷൻ.
അടങ്കൽ-50000/
ചെലവ് -50000/
ബിൽനമ്പർ -12/22-23 28.10.22
നിർവ്വഹണ ഉദ്യോഗസ്ഥൻ- ഐ.സി.ഡി.എസ്.സൂപ്പർവൈസർ

26.02.2019 ലെ സ.ഉ (സാധാ) നം.426/2019 തസ്വഭവ പ്രകാരം കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിൻറനൻസിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് ഒരു കുട്ടിക്ക് 50000/- രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് ട്രാൻസ്ഫർ ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്. ആയതിൻപ്രകാരം 50000/- രൂപ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ് രസീത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 34/2023 തീ. 19.09.2023) മറുപടി ലഭ്യമാക്കിയില്ല. കൈപ്പറ്റ് രസീത് ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-30 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - 229163/- രൂപയുടെ മരുന്ന് ലഭ്യമായില്ല.

| | |
|---|---|
| പദ്ധതി നമ്പർ | 13/23 |
| പദ്ധതിയുടെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | 300000/- (മെയിന്റനൻസ് റോഡിതരം) |
| ചെലവായ തുക | 300000/- |
| ബിൽ നമ്പർ/ തീയതി | 01/22-23 തീ. 14.11.2 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ( ഹോമിയോ) |

മേൽ പദ്ധതി പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങിയതിൽ Tax Invoice No. LF-558 Dt. 17.07.23 പ്രകാരം 70837/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. 229163/- രൂപയുടെ മരുന്ന് ലഭ്യമാകാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/2023 തീ.19.09.2023) മറുപടി ലഭ്യമാക്കിയില്ല. മരുന്ന് പൂർണ്ണമായും ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-31 അതിദരിദ്രർക്ക് മരുന്ന് വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല - 62088/- തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായ "അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് മരുന്ന് വാങ്ങൽ" എന്ന പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി നമ്പർ | 222/23 |
| പദ്ധതിയുടെ പേര് | അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | 100000/-( വികസന ഫണ്ട്) |
| ചെലവായ തുക | 62088/- |
| ബിൽ നമ്പർ/ തീയതി | 25/22-23 തീ. 17.03.23 |

ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ നിന്ന് ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്തൃ പട്ടിക, ലഭ്യമായ മരുന്നിന്റെ വിവരം, സ്റ്റോക്കിൽ എടുത്തത് എന്നിവയുടെ വിശദാംശങ്ങൾ ഒന്നുംതന്നെയില്ല. ആയത് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/2023 തീ. 19.09.23) മറുപടി ലഭ്യമാക്കിയില്ല. ആവശ്യപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ പ്രസ്തുത പദ്ധതിയ്ക്കായി ചെലവാക്കിയ 62088/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 മരുന്ന് ലഭ്യമാകുന്നതിൽ കാലതാമസം-ലഭ്യമായ മരുന്നിന്റെ കൃത്യമായ വിവരങ്ങളില്ല -201959 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി നമ്പർ | 11/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| പദ്ധതിയുടെ പേര് | പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | 800000/-(മെയിന്റനൻസ് റോഡിതരം) |
| ചെലവായ തുക | 800000/- |
| ബിൽ നമ്പർ/ തീയതി/തുക | 9/22-23 30.11.22 |

മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായ മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ നിന്നും 2022- 23 വർഷത്തിൽ ആകെ 598041/- രൂപയുടെ മരുന്നാണ് ലഭ്യമായിട്ടുള്ളത്. ശേഷിച്ച മരുന്ന് ലഭ്യമായെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/2023 തീ. 19.09.23 ) മറുപടി ലഭ്യമാക്കിയില്ല. പൂർണ്ണമായ വിവരം ലഭ്യമാക്കി 201959/- രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 മരുന്ന്, പേപ്പർ വാങ്ങിയതിൽ വീഴ്ച - 40960/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി നമ്പർ | 124/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |
| പദ്ധതിയുടെ പേര് | കുറ്റിച്ചൽ കുടുംബാരോഗ്യകേന്ദ്രത്തിലെ ദൈനംദിന ചെലവുകൾക്കുള്ള തുക |

| | |
|---|---|
| അടങ്കൽ തുക | 195000/- ( മെയിന്റനൻസ് റോഡിതരം) |
| ചെലവായ തുക | 193872/- |
| ബിൽ നമ്പർ/ തീയതി/തുക | 1. 22/22-23 Dt. 10.02.23 14000/- ( മെഡിസിൻ കവർ)<br>2. 44/22-23 Dt. 21.03.23 14000/-( മെഡിസിൻ കവർ )<br>3. 16/ 22-23 Dt. 27.01.23 12960/- ( A4 പേപ്പർ 70 Gsm) |

കുടുംബാരോഗ്യകേന്ദ്രത്തിലെ ദൈനംദിന ചെലവുകൾക്കായി മേൽ സൂചിപ്പിച്ച ബിൽ നമ്പർ ( ക്രമ നമ്പർ 1,2) പ്രകാരം 28000/- രൂപയ്ക്ക് മെഡിസിൻ കവറുകളും ബിൽ നമ്പർ (ക്രമ നമ്പർ 3) പ്രകാരം 12960/- ക്ക് A4 സൈസ് പേപ്പറും വാങ്ങിയിട്ടുണ്ട്. ഇവ സ്റ്റോക്കിൽ എടുത്തതിന്റെയും വിതരണം ചെയ്തതിന്റേയും വിശദാംശങ്ങളും ഇത്രയും സാധനങ്ങൾ വാങ്ങുന്നതിനുള്ള സാഹചര്യം പരിശോധിക്കുന്നതിന് ഓ.പി. രജിസ്റ്ററും ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/2023 തീ. 19.09.23) മറുപടി ലഭ്യമാക്കിയില്ല. അവശ്യരേഖകളുടെ അഭാവത്തിൽ മേൽ ഇനത്തിലെ ചെലവുതുകയായ 40960/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 ലൈഫ് ഭവനപദ്ധതി -പദ്ധതി പൂർത്തീകരിച്ചില്ല

ലൈഫ് ഭവനപദ്ധതി 2018-2019 ( പട്ടികജാതി പട്ടികവർഗ്ഗം) പ്രോജക്റ്റിൽ ചുവടെ ചേർത്തിട്ടുള്ളവർ പദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതാണ്. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ 15.09.2023 തീയതിയിൽ 14ാം നമ്പർ ഓഡിറ്റ് അന്വഷണം നൽകിയിട്ടുള്ളതും പ്രസ്തുത ഗുണഭോക്താക്കൾ പദ്ധതി പൂർത്തിയാക്കിയിട്ടില്ല എന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുള്ളതുമാണ്.

| ഗുണഭോക്താവ് | വർഷം | ആധാർ നമ്പർ | നല്കിയ തുക | അഭിപ്രായം |
|---|---|---|---|---|
| സരസമ്മ | 2018-2019 | 319409784328 | 200000 | പൂർത്തീകരിച്ചില്ല |
| രഘുവരൻ | 2018-2019 | 682267842978 | 510000 | പൂർത്തീകരിച്ചില്ല |
| മോഹൻ കുമാർ | 2021-2022 | 874980360500 | 410000 | പൂർത്തീകരിച്ചില്ല |
| രജ്ഞിത്ത് | 2021-2022 | 648136969991 | 90000 | പൂർത്തീകരിച്ചില്ല |
| നിഷ | 2021-2022 | 496796856402 | 40000 | പൂർത്തീകരിച്ചില്ല |
| രതീഷ് | 2021-2022 | 481958656414 | 200000 | പൂർത്തീകരിച്ചില്ല |
| വിഷ്ണു | 2021-2022 | | 300000 | പൂർത്തീകരിച്ചില്ല |

## 1-35 കന്നുകുട്ടി പരിപാലനം- അധിക തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നില്ല- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നം , പേര് | 82/232-23 കന്നുകുട്ടി പരിപാലനം |
| അടങ്കൽ തുക | 875000/- (വികസന ഫണ്ട് 437500/- , ഗുണഭോക്തൃവിഹിതം 437500/- |
| ചെലവ് തുക | 437500/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

ക്ഷീര കർഷകരുടെ നാലുമുതൽ ആറുമാസം പ്രായമുള്ള പശുക്കുട്ടികളെ കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി പരിപാലിക്കുന്ന പദ്ധതിയുടെ ആകെ ചെലവിന്റെ 50% വികസനഫണ്ടും 50% ഗുണഭോക്തൃവിഹിതവും വിനിയോഗിക്കുന്ന പദ്ധതിയ്ക്ക് 25 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി പ്രകാരമുള്ള ചെലവ് തുക എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ പേർക്ക് കൈമാറിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ (2018-19 മുതൽ) കന്നുകുട്ടി പരിപാലനം പദ്ധതിയ്ക്കായി ചെലവഴിച്ച തുകയും ബാലൻസ് തുകയുടെ വിവരവും, വിനിയോഗസക്ഷ്യപത്രവും ലഭ്യമാക്കുന്നതിന് 13.09.2023 ൽ 7ാം നമ്പരായി ഓഡിറ്റ് അന്വേഷണം നൽകിയിരുന്നതിൽ ചുവടെ ചേർത്തിട്ടുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ളതാണ്.

| ക്രമ നം | വർഷം | SLBPയ്ക്കായി കൈമാറിയ തുക | ചെലവഴിച്ച തുക | SLBP യിൽ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | 2018-2019 | 125000 | 108948 | 16052 |
| 2 | 2019-2020 | 125000 | 123721 | 1279 |
| 3 | 2020-2021 | 125000 | 114577 | 10423 |
| 4 | 2021-2022 | 675000 | 626307 | 48693 |

| | | | | |
|---|---|---|---|---|
| 5 | 2022-2023 | 437500 | 143247 | 294253 |

2018-2019 , 2019-2020 സാമ്പത്തിക വർഷങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക , യഥാക്രമം രൂപ 16059/- രൂപ 1279/- തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. 2020-2021, 2021-2022 സാമ്പത്തിക വർഷത്തിലെ ബാക്കി തുകകളുടേയും, 2022-2023 സാമ്പത്തിക വർഷത്തിൽ തദ്ദേശസ്ഥാപനത്തിന്റെ വിഹിതമായി നൽകിയ തുകയുടേയും വിനിയോഗസാക്ഷ്യപത്രങ്ങൾ എസ്.എൽ.ബി.പി ജില്ല ഓഫീസിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-36 ടാക്സ് ഓഡിറ്റ് അവലോകനം

ഗ്രാമപഞ്ചായത്ത് തലത്തിലുള്ള തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ തനത് വരുമാനങ്ങളിൽ വർദ്ധനവ്, പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തൽ, വസ്തുനികുതി തൊഴിൽ നികുതി എന്നിവയുടെ ഈടാക്കൽ പുതിയധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തൽ എന്നിവ സംബന്ധിച്ച് പഞ്ചായത്ത് തലത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ ലഭ്യമാക്കുന്നതിന് 11.09.2023 ന് നൽകിയിട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയിട്ടുള്ള മറുപടിയുടെ സംക്ഷിപ്തവും അതിൻ മേലുള്ള ഓഡിറ്റ് അഭിപ്രായങ്ങളും ചുവടെ ചേർക്കുന്നു.

1. തനത് വരുമാനം

തനതുവരുമാന വർദ്ധനവിന്റെ ഭാഗമായുള്ള പുതിയ വരുമാന സ്രോതസുകൾ കുറിച്ചുൽ ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി കണ്ടെത്തിയിട്ടില്ല. പരമ്പരാഗത വരുമാനസ്രോതസ്സുകളായ പുറംമ്പോക്ക് വസ്തുവിലെ പാഴ്മരങ്ങളുടെ ലേലം അനധികൃതഫാമുകൾക്ക് നോട്ടീസ് നൽകൽ എന്നിവയാണ് പുതിയ വരുമാന സ്രോതസുകളായി മറുപടിയിൽ കാണിച്ചിട്ടുള്ളത്. പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ക്രിയാത്മകമായ ശ്രമങ്ങൾ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതാണ്. കടാതെ വിവിധ പദ്ധതികൾ നടപ്പിലാക്കുമ്പോഴും തനതുവരുമാന വർദ്ധന സാധ്യത പരിഗണിക്കണം. ഉദാഹരണമായി പേ വിഷബാധ നിയന്ത്രണത്തിനായി വെറ്റിനറി സർജന്റെ പ്രോജക്ടായി (നമ്പർ S0086/22-23 പ്രകാരം) 600 നായ്ക്കൾക്ക് പേവിഷബാധ വാക്സിനേഷൻ നൽകിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ നായക്കളുടെ ഉടമസ്ഥരുടെ പേര് സഹിതമുള്ള ലിസ്റ്റ് ഉള്ളടക്കം ചെയ്തിട്ടുള്ളതാണ്. AFS പ്രകാരം 132 എണ്ണം ലൈസൻസുകൾ മാത്രമാണ് പഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. പ്രോജക്ട് നടപ്പിലാക്കിയപ്പോൾ ലൈസൻസ് നിബന്ധന നിർബന്ധമാക്കിയോ വാക്സിനേഷൻസമയത്ത് ലൈസൻസ് നൽകുവാൻ സാധിച്ചിരുന്നെങ്കിലോ തനത് വരുമാനത്തിൽ വർദ്ധനവ് സാധ്യമായിരുന്നു.

2. വസ്തുനികുതി

01.04.2023 മുതൽ വരുത്തേണ്ട വസ്തുനികുതി പരിഷ്കരണ നിരക്കുകൾ 19.04.2023 ലെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് നിലവിൽ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 01.04.2023ൽ വരുത്തേണ്ട വസ്തുനികുതി വർദ്ധനവിന്റെ നടപടികൾ ഇതനുസരിച്ച് പ്രാരംഭഘട്ടത്തിലാണ്.ഇതിനനുസൃതമായി ബന്ധപ്പെട്ട് സോഫ്റ്റ് വെയറിൽ മാറ്റം വരുത്തേണ്ട പ്രവർത്തികളും നടത്തേണ്ടതുണ്ട്. ഇതിനോടകം ഒടുക്കിയിട്ടുള്ള വസ്തുനികുതിയുടെ ബാക്കി തുക (വർദ്ധനവ് പ്രകാരമുള്ളത്,) വീഴ്ച കൂടാതെ ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

3. തൊഴിൽ നികുതി

തൊഴിൽ നികുതി ഡിമാന്റ് കണക്കാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി ഈടാക്കൽ പൂർണ്ണമാണ്. എന്നാൽ എഫ് എ റ്റി ഇ എ ഒ എസ് രജിസ്റ്ററും ലൈസൻസ് രജിസ്റ്ററും പൊരുത്തപ്പെടാത്തിനാൽ യഥാർത്ഥത്തിൽ തൊഴിലിൽ നികുതി ഈടാക്കൽ പൂർണ്ണമല്ല. പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ ദിനങ്ങൾ പ്രവർത്തി ചെയ്തിട്ടുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതു ഈടാക്കുവാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

തനതുവരുമാന വർദ്ധനവിന് സാധ്യമായ നടപടികൾ ബന്ധപ്പെട്ട കമ്മിറ്റികളുടെ തീരുമാനങ്ങൾ എന്നിവ സമയക്രമം അനുസരിച്ചും നിയമാനുസൃതമായും കൈക്കൊള്ളുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2022-23 | 21000 | ഹരിത ഭവനം | 21000 | 0 |
| 2 | ജില്ലാ പഞ്ചായത്ത് | 2022-23 | 20000 | ന്യൂ ലൈഫ് മുണ്ടണി ലക്ഷം വീട് പുനരുദ്ധാരണം | 20000 | 0 |
| 3 | ജില്ലാ പഞ്ചായത്ത് | 2022-23 | 356250 | സ്നേഹസ്പർശം | 356250 | 0 |
| ആകെ | | | 397250 | | 397250 | |
| 1 | ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 10000 | ന്യൂ ലൈഫ് മുണ്ടണി ലക്ഷം വീട് പുനരുദ്ധാരണം | 10000 | 0 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 300000 | ലൈഫ് ഭവന നിർമ്മാണം | 300000 | 0 |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 320000 | ലൈഫ് ഭവന നിർമ്മാണം(എസ്.സി.പി) | 320000 | 0 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 356250 | സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 356250 | 0 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 848760 | ഗോത്ര സാരഥി | 848760 | 0 |
| 6 | ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 400000 | ക്ഷീര സമൃദ്ധി | 400000 | 0 |
| | ആകെ | | 2235010 | | 2235010 | 0 |

ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ

| | മുന്നിരിപ്പ് | തൻവർഷം ലഭ്യമായ തുക | ചെലവഴിച്ച തുക(സുലേഖ ചെലവ് പത്രിക പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 257617 | 397250 | 397250 | 257617 |
| ബ്ലോക്ക് പഞ്ചായത്ത് | 1980746 | 2235010 | 2235010 | 1970746 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിലെ വരവ്-ചെലവ് വിവരങ്ങളിലുള്ള വ്യത്യാസത്തിന് ( രൂപ 10000) കാരണം കണ്ടെത്തി വിവരം അറിയിക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

വായ്പ / വായ്പാ തിരിച്ചടവ് വിവരങ്ങൾ സ്ഥാപനം ലഭ്യമാക്കിയിട്ടില്ല.വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വായ്പ / വായ്പാ തിരിച്ചടവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പ വിവരം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(മുൻ വർഷത്തെ B-5 ഷെഡ്യൂൾ പ്രകാരം) | തൻവർഷം ലഭിച്ച തുക (RP -31 പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|
| KURDFC | ---- | 32631999 | 840000 | 4845881 | 28626118 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | തുക | തുക ഒടുക്കിയത് | റിമാർക്ക്സ് |
|---|---|---|---|---|
| 2015-16 | 3-6(1)(2),3-7 | 44679 | വിവരം ലഭ്യമാക്കിയിട്ടില്ല | Audit Recovery Based On Surcharge Certificate |

ഓഡിറ്റ് റിക്കവറിയിനത്തിൽ തുകയൊടുക്കിയ വ്യക്തിയുടെ പേര് വിവരം ലഭ്യമാക്കേണ്ടതാണ്.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്ജ് സർച്ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 1,18,18,097 |
| ഓഡിറ്റ് വർഷത്തെ വരവ് | 3,94,39,515 |
| ആകെ | 5,12,57,612 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 3,32,27,171 |
| നീക്കിയിരിപ്പ് | 1,80,30,441 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,84,170/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 50,000 | ശ്രീമതി.ഗിരിജ കുമാരി.(ICDS സൂപ്പർവൈസർ) |
| 1-30 | 2,29,163 | ഡോ.ദീപ.ഹോമിയോ ഡോക്ടർ |
| 1-31 | 62,088 | ഡോ.മഞ്ജു മോഹൻ ദാസ്.മെഡിക്കൽ ഓഫീസർ |
| 1-32 | 2,01,959 | ഡോ.മഞ്ജു മോഹൻ ദാസ്.മെഡിക്കൽ ഓഫീസർ |
| 1-33 | 40,960 | ഡോ.മഞ്ജു മോഹൻ ദാസ്.മെഡിക്കൽ ഓഫീസർ |
| ആകെ | 5,84,170 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഗിരിജ കുമാരി.<br>(ICDS സൂപ്പർവൈസർ) | കുറ്റിച്ചൽ<br>ഗ്രാമപഞ്ചായത്ത് | ശിവഗംഗ,കുത്തുമൂഴി,പനക്കോട്<br>പി.ഒ.ഉഴമലയ്ക്കൽ<br>തിരുവനന്തപുരം. |
| ഡോ.ദീപ.<br>ഹോമിയോ ഡോക്ടർ | ജി.എച്ച്.ഡി.<br>കരുനാഗപ്പള്ളി | കമല വിലാസം,വെള്ളൂർകോണം. |
| ഡോ.മഞ്ജു മോഹൻ ദാസ്,<br>മെഡിക്കൽ ഓഫീസർ | കുറ്റിച്ചൽ<br>ഗ്രാമപഞ്ചായത്ത് | ബെത്‌സെയ്ദ,ചാമവിള,പൂവച്ചൽ,(പി.ഒ) |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം | വർഷം | ഓഡിറ്റ് റിപ്പോർട്ട് നം / തീയതി |
|---|---|---|
| 1 | 2004-05 | കെ.എസ്.എ റ്റി.വി.എം/ജി.പി.9/502/2022 തീയതി 17/10/2022 |
| 2 | 2006-07 | കെ.എസ്.എ റ്റി.വി.എം/ജി.പി.9/502/2022 തീയതി |

| | | |
|---|---|---|
| | | 17/10/2022 |
| 3 | 2007-08 | കെ.എസ്.എ റ്റി.വി.എം/ജി.പി.9/502/2022 തീയതി 17/10/2022 |
| 4 | 2008-09 | കെ.എസ്.എ റ്റി.വി.എം/ജി.പി.9/502/2022 തീയതി 17/10/2022 |
| 5 | 2009-10 | കെ.എസ്.എ റ്റി.വി.എം/ജി.പി.9/502/2022 തീയതി 17/10/2022 |
| 6 | 2010-11 | കെ.എസ്.എ റ്റി.വി.എം/ജി.പി.9/502/2022 തീയതി 17/10/2022 |
| 7 | 2012-13 | കെ.എസ്.എ റ്റി.വി.എം/ജി.പി.9/502/2022 തീയതി 17/10/2022 |
| 8 | 2013-14 | കെ.എസ്.എ റ്റി.വി.എം/ജി.പി.9/502/2022 തീയതി 17/10/2022 |
| 9 | 2014-15 | കെ.എസ്.എ റ്റി.വി.എം/ജി.പി.9/502/2022 തീയതി 17/10/2022 |
| 10 | 2015-16 | കെ.എസ്.എ റ്റി.വി.എം/ജി.പി.9/502/2022 തീയതി 17/10/2022 |
| 11 | 2016-17 | കെ.എസ്.എ റ്റി.വി.എം/ജി.പി.9/502/2022 തീയതി 17/10/2022 |
| 12 | 2017-18 | കെ.എസ്.എ റ്റി.വി.എം/ജി.പി.9/39/2018 തീയതി 27/03/2019 |
| 13 | 2018-19 | കെ.എസ്.എ റ്റി.വി.എം/ജി.പി.9/629/2020 തീയതി 01/06/2020 |
| 14 | 2019-20 | കെ.എസ്.എ റ്റി.വി.എം/ജി.പി.9/921/2021 തീയതി 03/07/2021 |
| 15 | 2020-21 | കെ.എസ്.എ റ്റി.വി.എം/ജി.പി.9/742/2022 തീയതി 25/05/2022 |
| 16 | 2021-22 | കെ.എസ്.എ റ്റി.വി.എം/ജി.പി.9/38/2023 തീയതി 16/03/2023 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 21-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kuttichal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kuttichal Grama Panchayat for the year 2022-2023

Date: 09/11/2023

Deputy Director(H.G)
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Kuttichal Grama Panchayat for the Year 2022-2023.

**1.Major Observations**

NIL

**2.Other Observations**

1.Mandatory financial statement not attached. Eg. The financial ratios,notes to accounts, B-1 Schedule( Adjusted performance for the current year) are not submitted with the Annual Financial Statement.

2.Cashflow statement -Net increase /decrease in cashflow (Rs.6212344) doesnot match with difference between the opening balance and closing balance of cash and cash equivalents (- 8738185).

3.Non disclosure of expense due- Amount due but not spent as on 31.03.2023 has not been recorded as provision in B 9 Schedule of balance sheet. Eg. Honorarium for members,fuel expense etc.

4. Yearly Valuation of stock and stores are not done at the end of the financial year and also not included in B-14 stock

in hand ( inventories) schedule.

5. MGNREGS-cash book mismatch with AFS. There is a difference of Rs 61496/- in theamount of expenditure between cashbook and AFS.

6.Property Tax Demand , Collection , Balance -Mismatch between details received from Sanchaya and Annual Financial Statement.

7. Expired Stale Cheque amount not transferred to income head- out of the amount of Rs 37602/- the cheques which were issued before 3years were not transferred to income head.

8.The amount given by Assistant Engineer as part bill payment till 31.03.2023 for capital work (Rs. 876576) mismatch with the amount ( Rs 614490) recorded as Capital work in Progress in B-11(b) schedule of the balance sheet.

9. Depreciation provided for asset is more than book value.The value for the fixed assets is 50829/- as per B11 Schedule ( head code 416100110). But the accumulated depreciation for the same item as per B11(a) schedule is 873962/-.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്